കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കിഴുവിലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018-19

കേരള സംസ്ഥാന ഓഡിറ്റ് തിരുവനന്തപുരംജില്ലാ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

e-mail: lfadtvm@yahoo.in

dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1748/19

കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ ജോയിന്റ് ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം

തീയതി 11.10.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കിഴവിലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കിഴവിലം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴവിലം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം കിഴവിലം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,
ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1748/19 തീയതി 11.10.2019

**തിരുവനന്തപുരം ജില്ലയിലെ കിഴവിലം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം1- വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ കിഴവിലം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23.09.2018 മുതൽ 20.08.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും സ്ഥപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധന വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എം.ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.08.2019 മുതൽ 30.08.2019 വരെ |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ. മനേഷ്.ബി.എച്ച്. | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ബിന്ദു. ഒ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. വിനോദ്. എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. സുജേഷ്.എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.അരുൺദേവ്. വി.ആർ. | ഓഡിറ്റർ |

## നിർവഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ. അൻസാർ. എ. | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. ജയദേവൻ. ജി. | 01.04.2018 മുതൽ 31.05.2018 വരെ |
| | ശ്രീ. ബെൻസിലാൽ.കെ.ആർ. (അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ്) | 01.06.2018 മുതൽ 20.06.2018 വരെ |
| | ശ്രീ. എസ്. ബാലാനന്ദൻ | 21.06.2018 മുതൽ 31.03.2019 വരെ |

## നിർവ്വഹണോദ്യോഗസ്ഥർ

| നിർവഹണോദ്യോഗസ്ഥർ | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ബെൻസിലാൽ. കെ.ആർ. | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ശ്രുതി സിംഗ് | 01.04.2018 മുതൽ 16.08.2018 വരെ |
| | ശ്രീമതി. ജയലക്ഷ്മി | 17.08.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ദീപ രവി | 01.04.2018 മുതൽ 31.03.2019 വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. മിനി. എ.കെ. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ദിവ്യ.വി.കെ.പി. | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ | ഡോ. ജിജി ഭായി | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ - 1 | ശ്രീ. അനൂപ്. എ. | 01.04.2018 മുതൽ 01.08.2018 വരെ |
| | ശ്രീ. സൈജു. എം. | 02.08.2018 മുതൽ 10.02.2019 വരെ |
| | ശ്രീ. അനൂപ്. എ. (അധിക ചുമതല) | 11.02.2019 മുതൽ 25.03.2019 വരെ |
| | ശ്രീമതി. വീണ. ആർ. | 26.03.2019 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ - 2 | ശ്രീമതി.ആശാരാജ്.വി.ആർ. | 01.04.2018 മുതൽ 01.08.2018 വരെ |
| | ശ്രീ. അനൂപ്. എ. | 02.08.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ.വിബിൻ. കെ.എസ്. | 01.04.2018 മുതൽ 11.11.2018 വരെ |
| | ശ്രീമതി. അഭിദ. ജി. | 12.11.2018 മുതൽ |

| | | |
|---|---|---|
| | | 31.03.2019 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. ബേബി സജ്നി റഹ്മഫ് | 01.04.2018 മുതൽ 31.03.2019 വരെ |
| എച്ച്.എം, ഗവ. യു.പി.എസ്, കിഴുവിലം | ശ്രീ. സതീഷ് കുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. ബിജു | 01.04.2018 മുതൽ 01.07.2018 വരെ |
| | ശ്രീമതി. സുസ്മിത. കെ.എസ്. | 02.07.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**



| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം- 1<br>ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ലൈസൻസ്ഡ് മണിലെൻഡേഴ്സ് തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 1-12 |
| 13 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കുകയോ ലൈസൻസ് എടുക്കുകയോ ചെയ്യുന്നില്ല | 1-13 |
| 14 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല | 1-14 |
| 15 | അപൂർണങ്ങളായ അപേക്ഷകളിന്മേൽ ലൈസൻസ് അനുവദിച്ച് നൽകി | 1-15 |
| 16 | അംഗൻവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം - നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ് | 1-16 |
| 17 | ജാഗ്രതാസമിതി പ്രവർത്തനം ക്രമപ്രകാരമല്ല | 1-17 |
| 18 | കിണർ റീചാർജിംഗ്- പ്രോജക്ട് നിർവ്വഹണം കാര്യക്ഷമമല്ല | 1-18 |
| 19 | 2016-17 ൽ ആരംഭിച്ച പദ്ധതികൾ 2018-19 വരെ തുടർന്നു | 1-19 |
| 20 | ആസൂത്രണമില്ലാതെ പദ്ധതികൾ- സ്പിൽ ഓവർ പദ്ധതികളും നടപ്പാക്കിയില്ല | 1-20 |
| 21 | പൊളിഞ്ഞു വീഴാറായ ആയുർവേദ ആശുപത്രിക്ക് അക്രഡിറ്റേഷൻ-4,21,185/- രൂപയുടെ പാഴ്ചെലവ് | 1-21 |
| 22 | പണം നൽകിയെങ്കിലും കുഴൽകിണർ നിർമ്മിച്ചില്ല | 1-22 |

| | | |
|---|---|---|
| 23 | കെട്ടിട നിർമ്മാണ ചട്ടം ലംഘിച്ച് പഞ്ചായത്തിന്റെ സേവാഗ്രാം നിർമ്മാണം | 1-23 |
| 24 | സേവാഗ്രാം ഇലക്ട്രിഫിക്കേഷൻ- 5761/- രൂപയുടെ പ്രവൃത്തി നടത്തിയിട്ടില്ല | 1-24 |
| 25 | സേവാഗ്രാം പ്രവർത്തനം ആരംഭിച്ചിട്ടില്ല | 1-25 |
| 26 | കാർഷിക യന്ത്രോപകരണങ്ങൾ - പ്രയോജനപ്പെടുത്താതെ സൂക്ഷിച്ചിരിക്കുന്നു | 1-26 |
| 27 | അടുക്കളമുറ്റത്തെ മുട്ടക്കോഴി വളർത്തൽ - ചെലവ് രേഖകളില്ല | 1-27 |
| 28 | എ.ബി.സി പ്രോഗ്രാം - വിനിയോഗരേഖകളില്ല | 1-28 |
| 29 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച പദ്ധതികളിലെ അപാകതകൾ. | 1-29 |
| 30 | ലൈഫ് ഭവന പദ്ധതി - പണി ആരംഭിച്ചില്ല | 1-30 |
| 31 | ഇമ്യൂണൈസേഷൻ - ചെലവ് രേഖകൾ പൂർണമല്ല | 1-31 |
| 32 | പാലിയേറ്റീവ് കെയർ നടത്തിപ്പിൽ അപാകങ്ങൾ | 1-32 |
| 33 | മരുന്ന് വാങ്ങൽ പ്രോജക്ടുകൾ - സ്റ്റോക്കും വിതരണവും വ്യക്തമല്ല | 1-33 |
| 34 | ഔഷധിയിൽ നിന്ന് കാലഹരണപ്പെട്ട ഔഷധങ്ങൾ വിതരണം ചെയ്തു | 1-34 |
| | **ഭാഗം-2**<br><br>**വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | **ഇല്ല** | |
| | **ഭാഗം-3**<br><br>**ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 35 | 15-ാം വാർഡിൽ സേവാഗ്രാം ഇലക്ട്രിഫിക്കേഷൻ- 5,761/- രൂപയുടെ പ്രവൃത്തി നടത്തിയിട്ടില്ല. തുക നിരാകരിക്കുന്നു. | 3-1 |
| 36 | നടക്കാത്ത കുടുംബസംഗമത്തിന് 20,000/- രൂപ | 3-2 |
| | **ഭാഗം-4**<br><br>**പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 37 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 38 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 39 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 41 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 42 | സ്ഥിര നിക്ഷേപം | 4-6 |
| 43 | ഓഡിറ്റ് റിക്കവറി | 4-7 |
| 44 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 45 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

12.03.2018 തീയതിയിലെ 1 ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 08.02.2019 തീയതിയിലെ 3 ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 27.04.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 74,44,794/- |
| വരവ് | 12,30,38,789/- |
| ആകെ | 13,04,83,583/- |
| ചെലവ് | 10,01,47,124/- |
| നീക്കിയിരിപ്പ് | 3,03,36,459/- |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 19206720 | 19206720 | 19206720 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 13790672 | 13790672 | 13790672 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 17050780 | 17050780 | 17050780 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4306738 | 4306738 | 4306738 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 6468686 | 6468686 | 6468686 | 0 |
| സാക്ഷരത | | 48182 | 1708 | 49890 | 0 | 49890 |
| ദുരിതാശ്വാസനിധി | | 5329 | 188 | 5517 | 0 | 5517 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 44119575 | 44119575 | 44119575 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 11383 | 574139 | 585522 | 560468 | 25054 |

| | | | | | | |
|---|---|---|---|---|---|---|
| ഐ.സി.ഡി.എസ്. | | 2081959 | 817200 | 2899159 | 570262 | 2328897 |
| എസ്.എസ്.എ. | | 1240000 | 0 | 1240000 | 0 | 1240000 |
| സമ്പൂർണ ശുചിത്വം | | 5925 | 200000 | 205925 | 190000 | 15925 |
| കേരളോത്സവം | | 3880 | 20000 | 23880 | 5450 | 18430 |
| ജോയിന്റ് വെഞ്ചർ | ബ്ലോക്ക് പഞ്ചായത്ത് | 440517 | 4318175 | 4758692 | 2625155 | 2133537 |
| അക്കൗണ്ട് | ജില്ലാ പഞ്ചായത്ത് | 375 | 2596162 | 2596537 | 1754497 | 842040 |
| ബി ഫണ്ട് | | 0 | 824960 | 824960 | 824960 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 646396 | 14214352 | 14860748 | 1416230 | 13444518 |
| മറ്റിനം | | 173925 | 121080 | 295005 | 173925 | 121080 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 199 | 142383727 | 101 | 83517822 | 44 | 54 | 50.75 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

1) ഗാർഹിക ബയോഗ്യാസ് പ്ലാന്റ് (66)

2) തുണി സഞ്ചി പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് വനിത (120)

3) സ്പീച്ച് ബിഹേവിയർ ഒക്കുപേഷണൽ തെറാപ്പി (125)

4) പട്ടികജാതിക്കാരായ ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ (126)

5) പഞ്ചായത്ത് ഓഫീസിലേക്ക് ജനറേറ്റർ വാങ്ങൽ (140)

6) ഐ.എസ്.ഒ സർട്ടിഫിക്കേഷൻ വാർഷിക പരിശോധന ഫീസ് (203)

7) സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് (208)

8) തൈക്കാവ് പാൽസൊസൈറ്റി റോഡ് സൈഡ് വാൾ നിർമ്മാണം (58)

9) സൊസൈറ്റി ജംഗ്ഷൻ ഐ.റ്റി.ഐ. റോഡ് റീടാറിംഗും സൈഡ് കോൺക്രീറ്റിംഗും (60)

10) മൈത്രി ജംഗ്ഷൻ കൊക്കോട്ടുകോണം റോഡ് റീടാറിംഗ് സൈഡ് കോൺക്രീറ്റിംഗ് (61)

11) പുത്തൻവിള പാവയിൽവിള എസ്റ്റേറ്റ് റോഡ് മെയിന്റനൻസ് (84)

12) മുടപുരം യു.പി.എസ്. തെങ്ങുംവിള റോഡ് മെയിന്റനൻസ് (88)

13) ശിവകൃഷ്ണപുരം അക്കരവിള റോഡ് മെയിന്റനൻസ് (89)

14) പടനിലം ജംഗ്ഷൻ പാലക്കാവിള റോഡ് മെയിന്റനൻസ് (97)

15) ഇരട്ട കലിംഗ് വലിയ ഏല കോളനി സൈഡ് വാൾ കെട്ടും റീടാറിംഗും (104)

16) പൊട്ടന്റെ മുക്ക് മങ്കാവിൽ റോഡ് റീടാറിംഗ് (155)

17) വലിയ ഏല കോളനി നടപാത കോൺക്രീറ്റിംഗ്, സംരക്ഷണഭിത്തി നിർമ്മാണം (164)

18) അങ്കണവാടിക്ക് വേണ്ടി ശിശു സൗഹൃദ ടോയിലറ്റ് നിർമ്മാണം (172)

19) സ്കൂളിനു വേണ്ടി ശിശു സൗഹൃദ ടോയിലറ്റ് നിർമ്മാണം (173)

20) പറമ്പിൽ ആശ്രയ റോഡ് റീടാറിംഗും കോൺക്രീറ്റിംഗും (189)

21) യോഗ പരിശീലനം യു.പി. വിദ്യാർഥികൾക്ക് (197)

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11383 | 574139 | 585522 | 560468 | 25054 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 44119575 | 44119575 | 44119575 | 0 |
| ആകെ | 11383 | 44693714 | 44705097 | 44680043 | 25054 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 487800 | 451 |
| കർഷകതൊഴിലാളി പെൻഷൻ | 1267600 | 354 |
| വിധവാപെൻഷൻ | 7072000 | 1642 |
| വാർദ്ധക്യകാലപെൻഷൻ | 12463600 | 2862 |
| വികലാംഗപെൻഷൻ | 1725500 | 404 |
| വിവാഹധനസഹായം | 240000 | 8 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ളപെൻഷൻ | 130000 | 30 |
| നെല്ലുൽപാദക ബോണസ് | 97160 | 408 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.08.2019, 10.05 AM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. പരിശോധനയിൽ 12,689/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ, തീ.02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ ചുവടെ പറയുന്നവയുടെ നടപടികൾ സ്വീകരിച്ചിട്ടില്ല.

1) തപാലുകളുടെ കൂടെയോ പ്രത്യേകമായോ ലഭിക്കുന്ന ആധാരങ്ങൾ, ബോണ്ടുകൾ തുടങ്ങിയവ ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ച് രജിസ്റ്റർ ചെയ്യുകയും സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് ബന്ധപ്പെട്ട സെക്ഷന്റെ ചുമതലയിൽ സൂക്ഷിക്കുകയും ചെയ്തിട്ടില്ല.

2) സെക്ഷനിൽ ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ ചേർക്കേണ്ട രജിസ്റ്ററുകൾ ഏതെന്ന് അതാത് തപാലിന്റെ നേരെ രജിസ്ട്രേഷൻ - വിതരണ രജിസ്റ്ററിൽ (7ാം കോളത്തിൽ) ചേർക്കുകയോ പ്രത്യേക രജിസ്റ്ററിൽ ചേർക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്ത എല്ലാ തപാലുകളും പൊതുതൻപതിവേടിൽ ചേർക്കുകയോ ചെയ്യുന്നില്ല.

3) ഏഴുദിവസത്തിനകം കൈപ്പറ്റാത്ത സേവനങ്ങൾ തപാൽ മാർഗ്ഗം അയക്കുകയും ഡെസ്പാച്ച് വിവരം ഡയറിയിലെ 8ാം കോളത്തിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടില്ല.

4) അന്വേഷണങ്ങൾക്ക് വ്യക്തമായ മറുപടി നൽകുന്നതിനുവേണ്ടി വിവരങ്ങൾ ശേഖരിക്കേണ്ട സാഹചര്യത്തിലും ഏതെങ്കിലും തരത്തിലുള്ള വിവരങ്ങൾ സെക്ഷനോ ഉത്തരവാദപ്പെട്ടവർക്കോ ഫ്രണ്ട് ഓഫീസിലേക്കോ തിരിച്ചോ കൈമാറേണ്ട സാഹചര്യത്തിൽ അവ നൽകുന്നതിനായി അനുബന്ധം 4 പ്രകാരമുള്ള മെസ്സേജ് ബുക്ക് സൂക്ഷിക്കുന്നില്ല.

5) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

6) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടില്ല.

7) ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല.

8) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല.

9) റെക്കോർഡ് റൂം ഭാഗികമായി മാത്രമാണ് പരിപാലിച്ചിട്ടുള്ളത്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.07.2019 | 5/19, 6/19 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് | 20.12.2016 | 2011-12 മുതൽ | 17.02.2017 |

| | | | |
|---|---|---|---|
| ജനറലിന്റെ ഓഡിറ്റ് | | 2015-16 വരെ | |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷിക കണക്കുകളിലെ അപാകതകൾ കെ.എസ്.എ.റ്റി.വി.എം.ജി.പി.8/879/19 തീയതി 09.08.2019 ആയി പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റ് അപാകതകൾ ഇല്ല.

## 1-12 ലൈസൻസ്ഡ് മണിലെൻഡേഴ്സ് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

www.keralataxes.gov.in/kmldealers വെബ്സൈറ്റ് പ്രകാരമുള്ള ലൈസൻസ്ഡ് മണി ലെൻഡേഴ്സിൽ (List of Licence holders under Kerala Money Lenders Act 1958 as on 15-May-2014) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ പറയുന്ന സ്ഥാപനങ്ങളിൽനിന്നും നിന്നും സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| Licence No. | Dealer Name | Business Name | Business Address |
|---|---|---|---|
| 32010526552 | SASANKAN | ASWATHY FINANCE | ASWATHY BHAVAN, 330, KIZHUVILAM, 1, KURAKKADA, KURAKKADA |
| 32010569763 | PARAMESWARAN | DEVAN INVESTMENTS | RAJENDRA VILASOM, KP 396, PUKAYILATHOOP, 8, KURAKKADA, KIZHUVILAM |
| 32010553844 | BHASURAN | EASY CASH BANKERS | LEKSHMI BHAVAN, 680, MUDAPURAM, 9, KIZHUVILAM PANCHAYATH, MUDAPURAM |
| 32010528082 | SIVADAS | SIVAMAYAM | GOKULAM, MP441, MUDAKKAL, XIV, KIZHUVILAM, OORUPOIKA |

ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം.05/22.08.2019 ന് ഈ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്നും അന്വേഷണം നടത്തി തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭിച്ചു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കൃത്യമായ വിവരമില്ലാത്തത് തനത് വരുമാനത്തിൽ കുറവ് വരുന്നതിന് കാരണമാകുന്നു. ഇക്കാര്യം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-13 റേഷൻ റീട്ടെയിൽ ഡിപ്പോകൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കുകയോ ലൈസൻസ് എടുക്കുകയോ

# ചെയ്യുന്നില്ല

1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഉള്ള ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ മൂന്നാം ചട്ടത്തിന്റെ പട്ടിക ഒന്നിൽ വരുന്നതാണ് റേഷൻ കടകൾ. പഞ്ചായത്ത് പരിധിയിൽ 14 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ഓഡിറ്റ് എൻക്വയറി നം.23/26.08.2019നുള്ള മറുപടിയായി ലഭ്യമാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം ഈ സ്ഥാപനങ്ങളിൽനിന്നും ലൈസൻസ് എടുക്കുകയോ തൊഴിൽനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. റേഷൻകടകളിൽ നിന്നും ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഉള്ള ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ ഭരണസമിതിയുടെയും സെക്രട്ടറിയുടെയും ഭാഗത്തു നിന്നുണ്ടാകേണ്ടതാണ്.

# 1-14 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല

2017-18 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട ചുവടെപ്പറയുന്ന സ്ഥാപനങ്ങൾ 2018-19 വർഷത്തെ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. 2018-19 വർഷം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഉള്ള ലൈസൻസ് പുതുക്കിയിട്ടുള്ള സ്ഥാപനങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഭൂരിഭാഗം സ്ഥാപനങ്ങളും ലൈസൻസ് സമയബന്ധിതമായി പുതുക്കിയിട്ടില്ലാത്തവയാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 22/29-08-19) ലഭ്യമാക്കിയ മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവർക്ക് നോട്ടീസ് നൽകി ലൈസൻസ് പുതുക്കുവാനുള്ള നടപടിക്രമങ്ങൾ ഗ്രാമപഞ്ചായത്ത് കൈക്കൊണ്ടിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ പഞ്ചായത്തിന്റെ അംഗീകാരമില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്നത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രസ്തുത സ്ഥാപങ്ങൾ നിലവിലും പ്രവർത്തിച്ചു വരുന്നുണ്ടെങ്കിൽ ലൈസൻസ് പുതുക്കാൻ നടപടി സ്വീകരിക്കേണ്ടതും അപ്രകാരം പുതുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ സ്റ്റോപ്പ് നോട്ടീസ് പുറപ്പെടുവിക്കേണ്ടതുമാണ്.

| ക്രമ നം | വാർഡ് നമ്പർ, കെട്ടിട നമ്പർ | കട ഉടമയുടെ പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | 1/77,78,79 | ശ്രീമതി. രേഖ,<br>അമ്പലത്തുംവിള വീട് | രേഖപ്പെടുത്തിയിട്ടില്ല |
| 2 | 1/494 | ശ്രീ. ഷാൻ. കെ. ഉമേഷ്,<br>വിളയിൽവീട് | ഉഷസ് ഏജൻസീസ് |
| 3 | 1/357 C | ശ്രീ. രഞ്ചു,<br>ഉത്രാടം, ചിറയിൻകീഴ് | ഉത്രാടം സി.വി.എം |
| 4 | ll/521 | ശ്രീമതി. സി.ഗീത,<br>അരുൺനിവാസ്, മുടപുരം | അനുഗീതി<br>എന്റർപ്രൈസ് |
| 5 | l/4 | ശ്രീ. ആർ. ജ്യോതി,<br>രഘുനിവാസ് | ടൂട്ടൂസ് ഷോപ്പ് |
| 6 | 1/31 | ശ്രീ. പ്രസാദ്,<br>തിരുവാതിര, പരവൂർകോണം | ഡിജിറ്റൽ സ്റ്റുഡിയോ |
| 7 | 1/120 | ശ്രീമതി. സുലേഖ,<br>വയലിൽ വീട് | നിഖിൽ<br>കല്യാണസ്റ്റോർ |
| 8 | 1/2 | ശ്രീ. സുബീഷ് കണ്ണൻ,<br>ചിത്തിരാലയം | എ.എസ്.കെ<br>എന്റർപ്രൈസസ് |
| 9 | 1/357(B) | ശ്രീ. ബൈജു, | ആട്ടോവർക്സ് |

| | | | |
|---|---|---|---|
| | | പൂജ, കുന്തള്ളൂർ | |
| 10 | II/151 G | ശ്രീ. അജയകുമാർ, മഠത്തിൽവീട് | ഫർണിച്ചർ മാർട്ട് |
| 11 | III/281 | ശ്രീ. എം. എസ്. ബിനു, കിഴക്കേക്കുന്നിൽ വീട് | ഫ്ലോറ ഫർണിഷിംഗ് |
| 12 | IV/198 A | ശ്രീ. വിക്രമനാശാരി, സ്നേഹഭവനം | ഫ്രണ്ട്സ് എഞ്ചിനീയറിംഗ് വർക്സ് |
| 13 | IV/59 | ശ്രീ. വിജയകുമാർ, വൈഷ്ണവം | എ.ബി.സി സ്റ്റെയിൽസ് |
| 14 | 5/273 A, 273 B | ശ്രീമതി..ഹെർലി.എൻ.സത്യൻ, തിരുവാതിര | ശിവഗിരി സ്റ്റോഴ്സ് |
| 15 | 6/127 | ശ്രീ. ചന്ദ്രൻ, വിളയിൽവീട്, പറയത്തുകോണം | എ.കെ എഞ്ചിനീയറിംഗ് വർക്സ് |
| 16 | 6/148 | ശ്രീ.വിജയകുമാരൻ നായർ, സരിതാ ഭവൻ | വി.വി സ്റ്റോർ |
| 17 | 1/459 | ശ്രീ. എസ്. സുഭാഷ് ചന്ദ്രൻ, തൊടിയിൽവീട് | സാനിട്ടറി വർക്സ് |
| 18 | 6/149 | ശ്രീമതി. സാബിറ ബീവി, സജ്ന മൻസിൽ | രേഖപ്പെടുത്തിയിട്ടില്ല |
| 19 | 7/428 A | ശ്രീ.വിജീഷ്, വി.പി നിവാസ്, അവനവൻചേരി | കെ.വി.എസ് ഏജൻസീസ് |
| 20 | 7/10 B,C | ശ്രീ.നസീഹുദ്ദീൻ, നൗഫൽ നിവാസ് | രേഖപ്പെടുത്തിയിട്ടില്ല |
| 21 | 13/421 | ശ്രീ. ബിജു. സി. പി, ഹരിത, ആറ്റിങ്ങൽ | ആൽഫ ബിൽഡേഴ്സ് & ഡെവലപ്പേഴ്സ് |
| 22 | 7/167 | ശ്രീ. ഷാനവാസ്, ബാഷാഡെയിൽ | ബാഷാ കാർ ആന്റ് ഗാരേജ് |
| 23 | 7/75 B | ശ്രീമതി.ഹബ്സാബിവി, താജിർ മൻസിൽ | ബിസ്മില്ലാ സ്റ്റോർ |
| 24 | 7/9 | ശ്രീ. താജുദ്ദീൻ, സി.എം.ഹൗസ് | തട്ടുകട |
| 25 | 7/74 | ശ്രീ. ശിവൻകുട്ടിനായർ, ഭഗവത് വില്ല | റാഹത്ത് ഹോട്ടൽ |
| 26 | 8/863 | ശ്രീ. സുഗതൻ.എസ്, ശാന്തനിലയം | അമൽ സ്റ്റോർ |
| 27 | 8/214 A,B | ശ്രീ. മുഹമ്മദ് ഹനീഫ, ദാറിൽ അംന | റൈസ് ഡെക്കറേഷൻ |
| 28 | 8/455 | ശ്രീ. രേണുക.ബി, കരിയ്ക്കാട്ടുവിള വീട് | രേഖപ്പെടുത്തിയിട്ടില്ല |
| 29 | 9/173 | ശ്രീ. ജമാൽ മുഹമ്മദ്, റഹ്മത്ത് മൻസിൽ | രേഖപ്പെടുത്തിയിട്ടില്ല |
| 30 | 10/461B | ശ്രീ. കെ. പ്രബിൻ, വക്കത്ത് വിള | കീർത്തിക് |
| 31 | 10/91 A | ശ്രീ. ഹൈദ്രോസ്, പുതുവൽ വിള | എച്ച്.എസ്.ടീ ഷോപ്പ് |
| 32 | 11/285 | ശ്രീ. എം.പി. മുകേഷ്, പണയിൽ വീട് | ആംഗോ ടൂർസ് ആന്റ് ട്രാവൽസ് |

| | | | |
|---|---|---|---|
| 33 | 11/545 | ശ്രീ. ലിജു ഗോപിനാഥ്, നന്ദാവനം | നന്ദാവനം സ്റ്റുഡിയോ |
| 34 | 11/533 | ശ്രീ. ബിജു.ഡി, കാവുവിള | ദർശൻ ട്രേഡിംഗ് കോർപ്പറേഷൻ |
| 35 | 12/438 | ശ്രീ. ദിവാകരൻ നായർ, വൈകുണ്ഠം, പറയത്തുകോണം | വി.എസ്.ട്രേഡേഴ്സ് |
| 36 | 12/286 | ശ്രീ. എസ്. ജനകൻ, ജനകം, മുടപുരം | രേഖപ്പെടുത്തിയിട്ടില്ല |
| 37 | 12/344 | ശ്രീമതി. വിജിത, ചരുവിളവീട് | രേഖപ്പെടുത്തിയിട്ടില്ല |
| 38 | 12/536 | ശ്രീ. ഇ.എ. കബിർ, മുടപുരം പി.ഒ. | രേഖപ്പെടുത്തിയിട്ടില്ല |
| 39 | 12/380 F | ശ്രീമതി. ബീമാ ജഹാംഗീർ | ജഹാംഗീർ ബുക്ക് സ്റ്റാൾ |
| 40 | 12/431 A, C, D | ശ്രീ. സുനിൽകുമാർ, കുഴിയിൽ വീട് | രേഖപ്പെടുത്തിയിട്ടില്ല |
| 41 | 12/449 | ശ്രീ. നിജീഷ് കുമാർ, കുന്നവിളവീട് | വിനായക നോട്ട്ബുക്സ് |
| 42 | 12/334 | ശ്രീ. ജലാലുദ്ദീൻ, പുത്തൻവിളവീട് | ലാത്തറ ബേക്കറി |
| 43 | രേഖപ്പെടുത്തിയിട്ടില്ല | ശ്രീ. ബാലചന്ദ്രൻ, ബി.എസ്. നിവാസ് | ജെൻസ് ബ്യൂട്ടി പാർലർ |
| 44 | 7/193 | ശ്രീ. നിജീഷ് കുമാർ, കുന്നവിള വീട് | ഓഫ് സെറ്റ് പ്രസ്സ് |
| 45 | 13/470 | ശ്രീമതി. ഗീതാ രഘുനാഥ് | രേഖപ്പെടുത്തിയിട്ടില്ല |
| 46 | 3/591 | ശ്രീ. സജികുമാർ, ചോനാടിയൻ വിള വീട് | രേഖപ്പെടുത്തിയിട്ടില്ല |
| 47 | 13/495 B | ശ്രീ. ഷാജി.വി, കിഴക്കതിൽ വീട് | ഷാജി സ്റ്റോർ |
| 48 | 14/439 B | ശ്രീ. ഷിബു. ബി, ചരുവിള വീട് | രേഖപ്പെടുത്തിയിട്ടില്ല |
| 49 | 15/16,17 | ശ്രീ. അരുൺരാജ്, ബാബുസദനം | ശ്രീവിനായക വെൽഡിംഗ് വർക്സ് |
| 50 | 15/138 | ശ്രീ. എൻ. അജികുമാർ, ശിവശക്തി | രേഖപ്പെടുത്തിയിട്ടില്ല |
| 51 | 17/405, 407 A | ശ്രീ. കെ. ഉണ്ണി, അമ്മവീട് | -- |
| 52 | 17/498 A | ശ്രീ. അഷറഫ്, ജാസ്മിവില്ല | ഡെലിഷ്യസ് ബേക്കറി |
| 53 | 17/536 | ശ്രീ. ഷിജു, ജിജി വിലാസം | വി.ജി സ്റ്റോർ |
| 54 | 17/11 | ശ്രീ. എസ്. ജയകുമാർ, പുതുവൽ പുത്തൻവീട് | ടയർ വർക്സ് |
| 55 | 17/476 | ശ്രീ. സുധീർ, വിഷ്ണുവിഹാർ | മോബൈൽ ഷോപ്പ് |
| 56 | 18/351 | ശ്രീ. എഫ്. സുബി, വി.എസ്.വില്ല | രേഖപ്പെടുത്തിയിട്ടില്ല. |

# 1-15 അപൂർണങ്ങളായ അപേക്ഷകളിന്മേൽ ലൈസൻസ് അനുവദിച്ച് നൽകി

2018-19 വർഷം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഉള്ള ലൈസൻസ് അനുവദിച്ച് നൽകിയ ചുവടെപ്പറയുന്ന അപേക്ഷകൾ അപൂർണങ്ങളാണ്. ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം, ശരാശരി വിറ്റ് വരവ് എന്നിവ പ്രസ്തുത അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടില്ല. ഇവ രേഖപ്പെടുത്താത്ത അപേക്ഷകളിൽ ലൈസൻസ് ഫീസ് നിർണയിച്ച് നൽകിയത് എപ്രകാരമാണെന്ന് വ്യക്തമല്ല. അപേക്ഷയിലെ അന്വേഷണ റിപ്പോർട്ടിലും ഇത് സംബന്ധിച്ച് പരാമർശമില്ല. മേൽ അപാകതയ്ക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 31/29-08-2019)

പ്രസ്തുത അപാകത 2017-18 വർഷ റിപ്പോർട്ടിൽ ഖണ്ഡിക 2-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും തൻവർഷവും ഇക്കാര്യത്തിന്മേൽ പഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടില്ല. ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കുന്ന അപേക്ഷകൾ പൂർണമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

| ക്രമ നം. | കട ഉടമയുടെ പേരും വിലാസവും | വ്യാപാര സ്ഥാപനത്തിന്റെ പേര് | വാർഡ് നമ്പർ |
|---|---|---|---|
| 1 | ശ്രീ. കെ. ഹാജി, പുലരി | റിലയൻസ് ജിയോ ഡിസ്ട്രിബ്യൂഷൻ സെന്റർ | XVI |
| 2 | ശ്രീ. നജീബ്. എ, മണലുവിളവീട് | സിമന്റ് ബിസിനസ് | XII |
| 3 | ശ്രീ. വി.റ്റി. ഷാജി, തങ്കമ്മ മന്ദിരം | ബാർബർ ഷോപ്പ് | VIII |
| 4 | ശ്രീ. ആർ. എൻ. മുഹമ്മദ്, ഷംസ മൻസിൽ | തുണിക്കട | II |
| 5 | ശ്രീ. വിജു വേണുഗോപാൽ | സ്പെഷ്യലൈസ്ഡ് പ്രോഡക്ട്സ് | II |
| 6 | ശ്രീ. ആർ. ജ്യോതി, രഘുനിവാസ് | ഹോട്ടൽ | I |
| 7 | ശ്രീ. ജി. പ്രസന്നൻ, സതിഭവൻ | ആയുർവേദ ആശുപത്രി | X |
| 9 | ശ്രീമതി. കെ. ബിന്ദു, മകം മന്ദിരം | ഫാൻസി സ്റ്റോർ/ സ്റ്റേഷനറി | IX |
| 10 | ശ്രീ. സുനിൽ, ചിറയിൽ വീട് | അലുമിനിയം ഫാബ്രിക്കേഷൻ | XII |
| 11 | ശ്രീമതി. ജയശ്രീ.എസ്, അശ്വതി | ബ്യൂട്ടി പാർലർ | XVI |
| 12 | ശ്രീ. എ. കെ. നസീർ, എസ്.എൻ.നിവാസ് | പേപ്പർ പ്ലേറ്റ്സ്, കപ്പ് എന്നിവയുടെ വിൽപ്പന | XII |
| 13 | ശ്രീ. എ. കെ. നസീർ, എസ്.എൻ.നിവാസ് | പ്രോവിഷൻ സ്റ്റോർ | XII |
| 14 | ഡോ. രശ്മി, കുന്തള്ളൂർ | മാക്സ് ഡെന്റൽ കെയർ | XII |
| 15 | ഡോ. എസ്. സുധ, പറയത്തുകോണം | ശരവണ സ്റ്റോർ | VI |
| 16 | ശ്രീമതി. എസ്. ഷിബിന, എ.കെ.നിവാസ് | ബേക്കറി | XII |

| | | | |
|---|---|---|---|
| 17 | ശ്രീ. ആർ.എ.റഷീദ് | റൈജാ കോട്ടേജ് | XII |
| 18 | ശ്രീ. ബഷീർ. എസ്. എ, പനയത്തറ വീട് | ഫർണിച്ചർ വ്യാപാരം | XII |
| 19 | ശ്രീമതി. ലൈലബീവി, ഷാന നിവാസ് | ഫാൻസി സ്റ്റോർ | VIII |
| 20 | ശ്രീ. അനീഷ്. ജി, വൈകുണ്ഠം | വെൽഡിംഗ് വർക്സ് | VII |
| 21 | ശ്രീമതി. ലിഷ. എൽ, ഷീലാ കോട്ടേജ് | കുപ്പിവെള്ള വിതരണം | I |
| 22 | ശ്രീ. വി. ഷാജി, കിഴക്കതിൽ വീട് | സ്റ്റേഷനറി വ്യാപാരം | XIII |
| 23 | ശ്രീ. എസ്. ഉണ്ണിപ്പിള്ള, ശ്രീഅരവിന്ദം | പലചരക്ക് വ്യാപാരം | V |
| 24 | ശ്രീ. എം.ഇ.വിജയകുമാരി, രേവതി | പലചരക്ക് വ്യാപാരം | V |
| 25 | ശ്രീ. അരുൺ രാജമോഹൻ, ഹരി ലക്ഷ്മി | ഹാർഡ് വെയർ ബിസിനസ് | XVII |
| 26 | ശ്രീമതി. ബി. ആർ. ജയശ്രീ അമ്മ,<br><br>നാഥശ്രീ | പലചരക്ക് വ്യാപാരം | IV |
| 27 | ശ്രീമതി. എസ്. സുമതി, തീർത്ഥം | ലളിതാസ് ബേക്കറി | XIII |
| 28 | ശ്രീമതി. റ്റി. റോയ്, വി.റ്റി. ലാന്റ് | മോഡേൺ ഫാർമ | XVI |
| 29 | ശ്രീ. എസ്. അബ്ദുൾ ഖാദർ, നിയാസ് മൻസിൽ | വാഴക്കുല വ്യാപാരം | XVI |
| 30 | ശ്രീ. അബ്ദുൾ മനാഫ്, കിഴുവിലം | ഫാത്തിമ സ്റ്റോർ | VII |
| 31 | ശ്രീ. മാധവൻ, തെക്കുംകരവീട് | മുറുക്കാൻ കട | I |
| 32 | ശ്രീ. ബിജു. എസ്, തോട്ടവാരം | വിനായക ടൂൾസ് | X |
| 33 | ശ്രീമതി. വി. സ്മിത, പുതുവിളാകം | ഐസ്ക്രീം വ്യാപാരം | XVI |
| 34 | ശ്രീ. കെ. അബ്ദുൾ റഷീദ് | പൗൾട്രി ഫാം | VI |
| 35 | ശ്രീ. നജീം ഖാൻ, നാസിലാ മൻസിൽ | മൊബൈൽ ഷോപ്പ് | XIII |
| 36 | ശ്രീ. ബി. എസ്. രാജീവ്, ബാബു മന്ദിരം | സ്റ്റേഷനറി വ്യാപാരം | XIII |
| 37 | ശ്രീ. ബി. സതീശൻ, വിജി നിവാസ് | സോഡാ നിർമ്മാണം | X |
| 38 | ശ്രീമതി. കമലമ്മ, പുളമൂട്ടിൽ ഹൗസ് | ഫ്ലവർ മിൽ | IV |
| 39 | ശ്രീ.ഷമി നാസർ, ഐഷാസ് | പലചരക്ക് വ്യാപാരം | XIV |
| 40 | ശ്രീ. മുഹമ്മദ് അനസ്, അൻസി മൻസിൽ | പലചരക്ക് വ്യാപാരം | XII |
| 41 | ശ്രീമതി. ജമീല ബീവി | എൻ.എൻ.എസ് | II |

| | | | |
|---|---|---|---|
| | | ഇൻഡസ്ട്രീസ് | |
| 42 | ശ്രീ. സോമരാജൻ നായർ, മണ്ണൂർ വീട് | റൈസ് ഫ്ലവർ മിൽസ് | XVIII |
| 43 | ശ്രീ. ആർ. ഉദയകുമാർ, പുന്നവിള വീട് | ഹോട്ടൽ വ്യാപാരം | XIV |

# 1-16 അംഗൻവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം - നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്

സർക്കുലർ നം.31055/ഡിസി2/2011/തസ്വഭവ, 22/3/11 പ്രകാരം അംഗൻവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അംഗൻവാടി പ്രവർത്തകർ, എഞ്ചിനീയർ/ഓവർസിയർ എന്നിവരുടെ ഒരു യോഗം വിളിച്ച് ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. മെയ് 30 നകം ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കുകയും വേണം.

എന്നാൽ ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.7/22.08.2019ന് 2018-19 സാമ്പത്തിക വർഷത്തിൽ അങ്കണവാടി കെട്ടിടത്തിന്റെ ഫിറ്റ്നസ് ലഭിക്കുന്നതിനായി പഞ്ചായത്തിൽ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 10.07.2018 ലാണ് അസി. എഞ്ചിനീയർ അങ്കണവാടികൾ സന്ദർശിച്ചതെന്നും പ്രസ്തുത അസി. എഞ്ചിനീയർ സ്ഥലംമാറി പോയതിനാൽ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല എന്നുമാണ് ഐ.സി.ഡി.എസ്. സൂപ്പർവൈസർ മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

2018-19 സാമ്പത്തിക വർഷത്തിൽ മേൽ സർക്കുലർ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. നടപടികൾ സ്വീകരിച്ച് റിപ്പോർട്ടു ചെയ്യേണ്ടതാണ്.

# 1-17 ജാഗ്രതാസമിതി പ്രവർത്തനം ക്രമപ്രകാരമല്ല

സ്ത്രീകളുടെയും പെൺകുട്ടികളുടെയും ജീവിതസുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനും അവരുടെ അന്തസ്സും പദവിയും ഉയർത്തിപ്പിടിക്കുന്നതിനും സ്ത്രീകൾക്കെതിരെയുള്ള എല്ലാവിധ അതിക്രമങ്ങളും അവകാശ ലംഘനങ്ങളും തടയുന്നതിന് വേണ്ടി സ്ത്രീപക്ഷ കാഴ്ചപ്പാടോടു കൂടി പ്രവർത്തിക്കുന്ന സംവിധാനമാണ് ജാഗ്രതാസമിതി. (സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(എം.എസ്)നം39/2004/എസ്.ഡബ്ല്യൂ.ഡി തീയതി 28-05-2004). എന്നാൽ ഗ്രാമപഞ്ചായത്തിലെ ജാഗ്രതാസമിതിയുടെ പ്രവർത്തനം ക്രമപ്രകാരമല്ല. പരാതിപ്പെട്ടി സ്ഥാപിച്ചിട്ടില്ല. വാർഡ് തലത്തിൽ പരാതികൾ വരുന്ന മുറയ്ക്ക് മാത്രമാണ് സമിതി യോഗം ചേർന്നിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 26/27-08-2019) ലീഗൽ സർവ്വീസ് അതോറിറ്റിയുടെ കീഴിൽ എല്ലാത്തരം പരാതികളും പരിഗണിക്കുകയും പരിഹാരം കാണുകയും ചെയ്യുന്നതിനാൽ 2018-19 വർഷം ജാഗ്രതാസമിതി പ്രത്യേകമായി യോഗം ചേർന്നിട്ടില്ലെന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ അറിയിച്ചു. വരും വർഷങ്ങളിൽ ജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഭരണസമിതിയും നിർവ്വഹണോദ്യോഗസ്ഥയും ശ്രദ്ധിക്കേണ്ടതാണ്.

# 1-18 കിണർ റീചാർജിംഗ്- പ്രോജക്ട് നിർവ്വഹണം കാര്യക്ഷമമല്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 14/18-19 |
| പ്രോജക്ടിന്റെ | കിണർ റീചാർജിംഗ്(ജനറൽ) |

| | |
|---|---|
| പേര് | |
| അടങ്കൽ | 16,00,000/-<br>7,20,000/- (വി.ഫണ്ട് ജനറൽ)<br>2,88,000/- (ബ്ലോക്ക് വിഹിതം)<br>4,32,000/- (ജില്ലാ വിഹിതം)<br>1,60,000/- (ഗുണ.വിഹിതം) |
| ആകെ ചെലവ് | 11,680/- |
| | 7,200/- (വി.ഫണ്ട് ജനറൽ)<br>ബിൽ നം.<br>15/18-19 തീയതി 11-03-19 |
| | 2,880/- ചെക്ക് നം.1952423 തീയതി<br>13.03.2019 |
| | 1,600/- (ഗുണ.വിഹിതം) |
| നിർവ്വഹണം | കൃഷി ഓഫീസർ |

ഗ്രാമപഞ്ചായത്തിലെ 200 തുറന്ന കിണറുകളെ റീചാർജിംഗ് നടത്തി ജലസംരക്ഷണം ഉറപ്പ് വരുത്തുകയും ജലലഭ്യത വർദ്ധിപ്പിക്കുകയും ചെയ്യുകയാണ് പ്രോജക്ടിന്റെ ലക്ഷ്യം. കുറഞ്ഞത് 150 ചതുരശ്ര മീറ്ററിൽ അധികരിക്കാത്ത വീടിനോട് ചേർന്ന, തുറന്ന ജലസേചന കിണറുകളുള്ള, ഗ്രാമസഭ തെരഞ്ഞെടുത്ത 200 കർഷകരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരമുള്ള ഡിസൈൻ/എസ്റ്റിമേറ്റ് എന്നിവ പ്രകാരം കർഷകർ സ്വന്തം ചെലവിൽ ജലസേചന കിണറിൽ റീചാർജ്ജിംഗ് സംവിധാനം ഒരുക്കുകയും എൽ.എസ്.ജി.ഡി എഞ്ചിനീയർ നൽകുന്ന വാല്യുവേഷൻ പ്രകാരം സബ്സിഡി കർഷകരുടെ അക്കൗണ്ടിലേയ്ക്ക് വരവ് വയ്ക്കുകയും ചെയ്യുന്നതാണ് നിർവ്വഹണ രീതി.

മതിയായ എണ്ണം(189) ഗുണഭോക്താക്കളെ പദ്ധതി നടത്തിപ്പിലേക്കായി ഗ്രാമസഭ തെരഞ്ഞെടുത്തിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതി പ്രകാരം ആകെ 2 ഗുണഭോക്താക്കൾക്ക് മാത്രമാണ് ആനുകൂല്യം ലഭിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 25/27-08-2019) കൃഷി ഓഫീസർ ലഭ്യമാക്കിയിരിക്കുന്ന മറുപടിയിൽ പ്രസ്തുത പ്രോജക്ടിനെ കിണറിനു ചുറ്റുമതിൽ നിർമ്മാണം എന്ന് ഗുണഭോക്താക്കൾ തെറ്റിദ്ധരിച്ചതാണ് ഇപ്രകാരം രണ്ട് ഗുണഭോക്താക്കളിൽ പരിമിതപ്പെട്ട് പോകാനുള്ള കാരണമെന്ന് വിശദീകരിക്കുന്നു. പ്രസ്തുത മറുപടി പരിഗണനാർഹമല്ല. 05-03-2018 ൽ ചേർന്ന പഞ്ചായത്ത് തല വികസന സെമിനാറിലും വർക്കിംഗ് ഗ്രൂപ്പ് യോഗത്തിലും പ്രസ്തുത പ്രോജക്ടിനെപ്പറ്റി കൃഷി ഓഫീസർ പരാമർശിച്ചതായി രേഖപ്പെടുത്തലുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പ് എപ്രകാരമാണ് എന്ന് വിശദീകരിച്ചതായി കാണുന്നില്ല. പ്രോജക്ടിന്റെ നിർവ്വഹണവും തുടർപ്രവർത്തനങ്ങളും വർക്കിംഗ് ഗ്രൂപ്പ് നിരീക്ഷിക്കുകയോ വിലയിരുത്തുകയോ ചെയ്തിട്ടില്ല. പ്രോജക്ട് രൂപീകരണ ഫോറത്തിൽ (ഫോറം നം 3) പ്രോജക്ടിന്റെ മോണിട്ടറിംഗ് കൃഷിയും അനുബന്ധ മേഖലയും വർക്കിംഗ് ഗ്രൂപ്പ് നടത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും മോണിട്ടറിംഗ് നടത്തിയിട്ടില്ല.

പ്രോജക്ട് രൂപീകരണ വേളയിൽതന്നെ നിർവ്വഹണ രീതി സംബന്ധിച്ച് വ്യക്തത വരുത്താത്തതും വ്യാപകമായ പ്രചാരണം ഇല്ലാതിരുന്നതുമാണ് ഇപ്രകാരം പദ്ധതിച്ചെലവ് ശുഷ്കമായി പോകുവാനുള്ള കാരണം. വരും വർഷങ്ങളിൽ മേൽ അപാകത ഒഴിവാക്കി പ്രോജക്ട് നിർവ്വഹണം നടത്തുവാൻ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

# 1-19 2016-17 ൽ ആരംഭിച്ച പദ്ധതികൾ 2018-19 വരെ തുടർന്നു

2018-19 വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയിട്ടുള്ള ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്ക് രേഖകൾ (2017-18 ലെ പ്രോജക്റ്റ് ഫയലുകൾ) പ്രകാരം 2016-17 ൽ നടപ്പിലാക്കാനായി ആസൂത്രണം ചെയ്തിട്ടുള്ളവയാണ്. ടി പദ്ധതികളുടെ 2016-17 ലെ പ്രോജക്റ്റ് നം. ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും (എൻക്വയറി നം.37/30.08.2019) ആയത് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് നം. | പദ്ധതിയുടെ പേര് | എം ബുക്ക് നം. | അടങ്കൽ തുക | ചെലവ് | ബിൽ നം./ തീയതി |
|---|---|---|---|---|---|---|
| 1 | 182/19 (177/18) | കാട്ടുവിള കോളനി നടപ്പാത കോൺക്രീറ്റിംഗ് | 84/18-19 | 2,00,000/- (ധനകാര്യ കമ്മീഷൻ അവാർഡ്) | 1,50,051/- | 49/ 05.01.2019 |
| 2 | 167/19 (153/18) | കൊച്ചാലുംമൂട് മാടൻകാവ് നടപ്പാത കോൺക്രീറ്റിംഗ് | 141/17-18 | 2,00,000/- (ധനകാര്യ കമ്മീഷൻ അവാർഡ്) | 1,98,422/- | 9/ 30.05.2018 |
| 3 | 188/19 (201/18) | അത്തമുക്ക് കിഴക്കേമൂല റോഡ് റീടാറിംഗ് | 243/17-18 | 2,51,000/- (മെയിന്റനൻസ് ഫണ്ട്-റോഡ്) | 2,46,293/- | 18/ 30.06.2018 |
| 4 | 196/19 (272/18) | 83-ാം നം. അങ്കണവാടി മെയിന്റനൻസ് | 250/17-18 | 2,00,000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം) | 1,86,816/- | 25/ 14.08.2018 |

കൂടാതെ മേൽപ്പറഞ്ഞവയിൽ ക്രമ നം. 2&4 എന്നീ പദ്ധതികൾക്കുണ്ടായ കാലവിളംബത്തിന് കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല എന്ന് അസി.എഞ്ചിനീയർ മറുപടി നൽകിയിട്ടുള്ളതുമാണ്. ടി പ്രവർത്തികളുടെ കരാറുകാരിൽ നിന്നും പിഴത്തുക ഈടാക്കേണ്ടുന്നതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

പദ്ധതിമാർഗ്ഗരേഖകൾ പ്രകാരം പദ്ധതികൾ സ്പിൽ ഓവറാകുന്ന വർഷം തന്നെ പൂർത്തീകരിക്കേണ്ടതുണ്ട്. എന്നാൽ മേൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലവിളംബം ഉണ്ടായിട്ടുള്ളതാണ്. ആയതിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും നിർവ്വഹണോദ്യോഗസ്ഥന്റെയും ശ്രദ്ധ അനിവാര്യമായിരുന്നുവെങ്കിലും ആയത് ഉണ്ടായിട്ടില്ലായെന്ന് വ്യക്തമാണ്. സർക്കാർ നിർദ്ദേശിക്കുന്ന മാർഗ്ഗരേഖകൾ കൃത്യമായി പാലിക്കപ്പെടേണ്ടതാണ്.

# 1-20 ആസൂത്രണമില്ലാതെ പദ്ധതികൾ- സ്പിൽ ഓവർ പദ്ധതികളും നടപ്പാക്കിയില്ല

2018-19 വർഷം ചുവടെ ചേർക്കുന്ന പ്രവൃത്തികൾ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് നം. | പദ്ധതിയുടെ പേര് | അടങ്കൽ തുക | അസി.എഞ്ചിനീയർ നൽകിയ മറുപടി (എൻക്വയറി നം. 37/30.08.2019) |
|---|---|---|---|---|
| 1 | 205/19 | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി | 8,50,000/- (തനത് ഫണ്ട്) | നാട്ടുകാരുടെ എതിർപ്പിനെ തുടർന്ന് പദ്ധതി നടപ്പാക്കിയില്ല. |
| 2 | 189/19 | പറമ്പിൽ ആശ്രയ റോഡ് റീടാറിംഗും കോൺക്രീറ്റിംഗും | 2,00,000/- (ധനകാര്യ കമ്മീഷൻ അവാർഡ്) | പണി ആരംഭിച്ചെങ്കിലും പരാതികൾ ഉയർന്നതിനാലും, മെയിന്റനൻസ് ഫണ്ട് (റോഡ്) ഉപയോഗിച്ച് കോൺക്രീറ്റ് |

| | | | | |
|---|---|---|---|---|
| | | | | ചെയ്യാൻ സാധിക്കാത്തതിനാലും പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചില്ല. |
| 3 | 183/19 | കടമ്പാട്ട് ചരുവിള റോഡ് സംരക്ഷണഭിത്തി നിർമ്മാണവും കലുംഗ് നിർമ്മാണവും | 2,60,000/- (വികസന ഫണ്ട്-എസ്.സി.പി) | പദ്ധതി മാർച്ച് 2019 ൽ ആരംഭിച്ച് ഏപ്രിൽ 2019ന് പൂർത്തീകരിച്ചിട്ടുണ്ട്. |
| 4 | 173/19 | സ്കൂളിനു വേണ്ടി ശിശു സൗഹൃദ ടോയ്ലെറ്റ് നിർമ്മാണം | 3,00,000/- (വികസന ഫണ്ട്-പൊതുവിഭാഗം) | കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തുവെങ്കിലും പണി ആരംഭിച്ചിട്ടില്ല. |
| 5 | 172/19 | അങ്കണവാടിക്കു വേണ്ടി ശിശു സൗഹൃദ ടോയ്ലെറ്റ് നിർമ്മാണം | 1,50,000/- (വികസന ഫണ്ട്-പൊതുവിഭാഗം) | ടെണ്ടർ, റീടെണ്ടർ, ക്വട്ടേഷൻ എന്നിവ ചെയ്തെങ്കിലും ആരും പ്രവൃത്തി എറ്റെടുത്തിട്ടില്ല. |
| 6 | 164/19 | വലിയഏല കോളനി നടപ്പാത കോൺക്രീറ്റിംഗ് സംരക്ഷണഭിത്തി നിർമ്മാണം | 2,55,522/- (വികസന ഫണ്ട്-എസ്.സി.പി) 1,44,478/- (തനത് ഫണ്ട്) | അതിർത്തി തർക്കം നിലനിൽക്കുന്നതിനാൽ പണി ആരംഭിക്കാൻ ശ്രമിച്ചിട്ടും സാധിക്കാതെ വന്നു. |
| 7 | 160/19 | പുളിത്തറ കോളനി നടപ്പാത കോൺക്രീറ്റിംഗ് | 2,00,000/- (വികസന ഫണ്ട്-എസ്.സി.പി) | പദ്ധതി പൂർത്തീകരിച്ചു. ബിൽ കൃവിലായി. |
| 8 | 155/19 | പൊട്ടന്റെ മുക്ക് മംഗ്ലാവിൽ റോഡ് റീടാറിംഗ് | 1,41,878/- (തനത് ഫണ്ട്) | പദ്ധതി മുൻവർഷത്തിൽ തന്നെ നടപ്പിലാക്കിയിട്ടുള്ളതാണെന്നാണ് വാർഡ് മെമ്പറും കരാറുകാരനും മുൻവർഷത്തെ അസി.എഞ്ചിനീയറും അഭിപ്രായപ്പെട്ടത്. |

<u>നിരീക്ഷണങ്ങൾ</u>

1. മേൽപ്പറഞ്ഞ പദ്ധതികളിൽ ക്രമ നം. 1, 6 എന്നിവ വ്യക്തമായ നിരീക്ഷണമില്ലാതെയും ആവശ്യകതയെ കുറിച്ച് പഠിക്കാതെയുമാണ് പദ്ധതികൾ തയ്യാറാക്കി നടത്തുന്നതിന് ശ്രമിച്ചത് എന്ന് അസി.എഞ്ചിനീയനറുടെ മറുപടിയിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.

2. ക്രമ നം. 2 പ്രകാരമുള്ള പദ്ധതിയിൽ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം തുക വകയിരുത്തിയിട്ടുള്ളത് 2,00,000/- (ധനകാര്യ കമ്മീഷൻ അവാർഡ്) എന്ന ഇനത്തിലാണ്. എന്നാൽ അസി. എഞ്ചിനീയർ നൽകിയ മറുപടിയിൽ മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഇനത്തിൽ നിന്നും കോൺക്രീറ്റിംഗിന് തുക ചെലവഴിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കിയില്ല എന്നാണ്. പദ്ധതി വകയിരുത്തലിനെ കുറിച്ചോ പരിഷ്കരണത്തെ കുറിച്ചോ നിർവ്വഹണോദ്യോഗസ്ഥയ്ക്ക് വ്യക്തതയില്ലായെന്നും ആയത് സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ലായെന്നും ഓഡിറ്റ് വിലയിരുത്തുന്നു.

3. ക്രമ നം. 4 പ്രകാരമുള്ള പദ്ധതി കരാറുകാരൻ ഏറ്റെടുത്തുവെങ്കിലും പണി ആരംഭിച്ചിട്ടില്ല എന്ന് മറുപടി നൽകിയിട്ടുണ്ടെങ്കിലും കരാറുകാരനിൽ നിന്നും പിഴ ഈടാക്കുകയോ കരാറുകാരനെതിരെ നടപടി സ്വീകരിച്ചതായോ ഉള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതാണ്. പദ്ധതികൾ നാളിതുവരെ ആരംഭിച്ചിട്ടില്ലാത്തതുമാണ്.

4. ക്രമ നം. 8 പ്രകാരമുള്ള പദ്ധതിയിൽ വാർഡ് മെമ്പറുടെയും കരാറുകാരന്റെയും മുൻവർഷത്തെ അസി.എഞ്ചിനീയറുടെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലുള്ള മറുപടിയാണ് നൽകിയത്. രേഖകൾ പരിശോധിച്ച് ആധികാരികമായി മറുപടി നൽകാൻ അസി.എഞ്ചിനീയർക്കായിട്ടില്ല.

മേൽപ്പറഞ്ഞവയിൽ നിന്നും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും മോണിറ്ററിംഗ് ചെയ്യുന്നതിലും പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് ഭരണസമിതി എന്നിവർ ലക്ഷ്യബോധമില്ലാതെ പ്രവർത്തിക്കുന്നതായും രേഖകൾ കൈകാര്യം ചെയ്യുന്നതിലും സൂക്ഷിക്കുന്നതിലും പദ്ധതികളുടെ ആസൂത്രണം, നടത്തിപ്പ് സംബന്ധമായ വിവരങ്ങൾ യഥാസമയം ഭരണസമിതിയെ അറിയിക്കുന്നതിലും നിർവ്വഹണോദ്യോഗസ്ഥ ശ്രദ്ധിക്കുന്നില്ലായെന്നും ഓഡിറ്റ് വിലയിരുത്തുന്നു.

# 1-21 പൊളിഞ്ഞു വീഴാറായ ആയുർവേദ ആശുപത്രിക്ക് അക്രഡിറ്റേഷൻ - 4,21,185/- രൂപയുടെ പാഴ്ചെലവ്

പ്രോജക്ട് നം. 123/19, ആയുർവേദ ആശുപത്രിയുടെ അക്രഡിറ്റേഷൻ (എം.ബുക്ക് നം.183/18-19) പ്രകാരം 5,00,000/- (ധനകാര്യ കമ്മീഷൻ അവാർഡ്) രൂപ വകയിരുത്തുകയും 4,21,185/- രൂപ ചെലവഴിക്കുകയും (ബിൽ നം.61/13.03.2019) ചെയ്തിട്ടുള്ളതാണ്. ടി പ്രവൃത്തിയിൽ ആശുപത്രിയുടെ ശോചനീയാവസ്ഥ മാറ്റുന്നതിനുള്ള നവീകരണമാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആയതിൻ പ്രകാരം ക്യാബിനുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ അതിശോചനീയാവസ്ഥയിലും പൊളിഞ്ഞു വീഴാറായതുമായ കെട്ടിടത്തിലാണ് ടി പ്രവൃത്തികൾ ചെയ്തിട്ടുള്ളത്. ടി കെട്ടിടത്തിന്റെ ഫിറ്റ്നെസ് പരിശോധിച്ചിട്ടാണോ പദ്ധതി രൂപീകരിച്ചിട്ടുള്ളതെന്നും കെട്ടിടത്തിന്റെ ഫിറ്റ്നെസ് പരിശോധിച്ച് സർട്ടിഫൈ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ടിരുന്നതിന് (എൻക്വയറി നം.37/30.08.2019) അസി.എഞ്ചിനീയർ നൽകിയ മറുപടി ചുവടെ ചേർക്കുന്നു.

> ഞാൻ ഈ ഓഫീസിൽ ചാർജ്ജെടുക്കുന്നതിനു മുമ്പ് തന്നെ ടി പ്രവൃത്തിക്ക് TS ലഭിച്ചിരുന്നു. ആയുർവേദ ഡോക്ടറുടെ ആവശ്യ പ്രകാരമാണ് ടി പദ്ധതി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പുതിയ കെട്ടിടം ലഭിക്കുന്നതുവരെ തടസ്സമില്ലാതെ ആയുർവേദ ആശുപത്രിയുടെ പ്രവർത്തനം നടപ്പിലാക്കാനാണ് ഈ പദ്ധതി ഉദ്ദേശിച്ചിട്ടുള്ളത്. ടി കെട്ടിടത്തിന് ഫിറ്റ്നസ് നൽകിയതായി രേഖകളിൽ കാണുന്നില്ല.

കൂടാതെ 22.08.2019 ന് ചീഫ് മെഡിക്കൽ ഓഫീസർ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനും 22.08.2019 ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിക്ക് നൽകിയ കത്തിലും 20 കിടക്കകളുള്ള കെട്ടിടത്തിന്റെ മുകളിൽ നിന്നും സിമന്റ് കട്ടകൾ ഇളകി കിടപ്പുരോഗികളുടെ ദേഹത്ത് വീഴുന്ന അവസ്ഥയായതിനാലും വളരെ അപകടകരമായ അന്തരീക്ഷത്തിൽ ജോലിനോക്കുന്ന ജീവനക്കാർക്കും മാനസികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന സാഹചര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതാണ്.

ഇതിൽ നിന്നും അതിശോചനീയാവസ്ഥയിലുള്ള കെട്ടിടത്തിലാണ് പുതിയ ക്യാബിനുകൾ പണിതിരിക്കുന്നതെന്നും ഏതു നിമിഷവും നിലം പൊത്താവുന്ന കെട്ടിടം പുതുക്കിപ്പണിയുന്നതിനേക്കാൾ പ്രാധാന്യം ക്യാബിൻ നിർമ്മാണത്തിന് നൽകിയിരിക്കുന്നതെന്നും വ്യക്തമാണ്. വീക്ഷണമില്ലായ്മയും ആസൂത്രണത്തിലെ പാളിച്ചയും മൂലം 4,21,185/- രൂപ പാഴാക്കിയതായി വിലയിരുത്തുന്നു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി അംഗങ്ങൾ എന്നിവർ ലഭ്യമായ സർക്കാർ ഗ്രാന്റുകൾ 'ചെലവഴിക്കുക' എന്നതിലുപരി

പ്രയോജനകരമായ രീതിയിൽ ഉപയോഗിക്കുന്നതിന് പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. പദ്ധതി ആസൂത്രണ വേളയിൽ നിർവ്വഹണോദ്യോഗസ്ഥൻ പ്രവൃത്തികളുടെ ഉപയുക്തത/സാധ്യത എന്നിവ മേൽ കമ്മിറ്റികളെയും വർക്കിംഗ് ഗ്രൂപ്പിനെയും ബോധ്യപ്പെടുത്തേണ്ടുന്നതുമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

# 1-22 പണം നൽകിയെങ്കിലും കുഴൽക്കിണർ നിർമ്മിച്ചില്ല

പ്രോജക്ട് നം. 174/19, കിഴവിലം സർക്കാർ ആയുർവേദ ആശുപത്രി കുഴൽക്കിണർ നിർമ്മാണം (സ്പിൽ ഓവർ-166/18), പ്രകാരം 2,04,500/- (ധനകാര്യ കമ്മീഷൻ അവാർഡ്) രൂപ വകയിരുത്തുകയും [2017-18 ലെ വകയിരുത്തൽ- 1,50,000/- ധനകാര്യ കമ്മീഷൻ അവാർഡ് & 54,500/- തനത് ഫണ്ട്] 20,4500/- രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് (ബിൽ നം.14/19.06.2019) നൽകിയിട്ടുള്ളതുമാണ്. എന്നാൽ ടി സ്ഥാപനത്തിൽ നാളിതുവരെ കുഴൽക്കിണർ സ്ഥാപിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.37/30.08.2019) അസി.എഞ്ചിനീയർ നൽകിയ മറുപടിയിൽ മുൻ അസി.എഞ്ചിനീയറാണ് ബിൽ മാറി നൽകിയതെന്നും പണി ആരംഭിക്കാൻ സൈറ്റിൽ എത്തിയപ്പോൾ നാട്ടുകാരുടെ പ്രതിഷേധം മൂലം കുഴൽക്കിണർ സ്ഥാപിക്കാനായില്ലായെന്നും 10.01.2019 ലെ കമ്മിറ്റി തീരുമാനം (നം.7/1) പ്രകാരം 2-ാം വാർഡിലേക്ക് പദ്ധതി മാറ്റുന്നതിനായി തീരുമാനിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ 2-ാം വാർഡിലും ടി കുഴൽക്കിണർ സ്ഥാപിച്ചിട്ടില്ല.

പദ്ധതി ആസൂത്രണത്തിനായി വിളിച്ചു ചേർക്കുന്ന ഗ്രാമസഭകളിലും വർക്കിംഗ് ഗ്രൂപ്പുകളിലും യഥാവിധി വിഷയങ്ങൾ അവതരിപ്പിക്കാത്തതിനാലും ജനങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കാത്തതിനാലുമാണ് പദ്ധതി ഇപ്രകാരം നടപ്പിലാക്കാനാകാതെ രണ്ടു വർഷമായി നീണ്ടുപോകുന്നത്. ഇതിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും തുല്യ ഉത്തരവാദികളാണ്.

# 1-23 കെട്ടിട നിർമ്മാണ ചട്ടം ലംഘിച്ച് പഞ്ചായത്തിന്റെ സേവാഗ്രാം നിർമ്മാണം

15-ാം വാർഡിൽ സേവാഗ്രാം നിർമ്മാണം [പ്രോജക്ട് നം, 145/19, 29/18, 31/17 (ഇലക്ട്രിഫിക്കേഷൻ), 185/16] എന്ന പദ്ധതിക്കായി 15,40,000/- രൂപ ധനകാര്യ കമ്മിഷൻ ഗ്രാന്റ് വകയിരുത്തുകയും ബിൽ നം.21/17.07.2018 പ്രകാരം 13,88,957/- രൂപ കെട്ടിട നിർമ്മാണത്തിനായി വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിട നിർമ്മാണം ചട്ടങ്ങൾ പാലിക്കാതെയുള്ളതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.7/30.08.2019) മറുപടി ലഭിച്ചിട്ടുള്ളതാണ്. രേഖകൾ പ്രകാരം കെട്ടിടത്തിന്റെ സമീപത്തായുള്ള അനധികൃത നിർമ്മാണം നടത്തിയിട്ടുള്ള സലിം, എസ്.എൻ.മൻസിൽ, മുടപുരം പി.ഒ എന്ന വ്യക്തിയുമായി ധാരണയിലെത്തിയാണ് നിർമ്മാണ വിമുക്ത സ്ഥലങ്ങൾ ഒഴിവാക്കി കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളത്.

സ്ഥലപരിശോധനയിൽ സേവാഗ്രാമിന്റെ സെറ്റ്ബാക്കുകൾ ചുവടെ ചേർക്കും പ്രകാരമാണെന്ന് അസി.എഞ്ചിനീയർ അളന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണ്.

മുൻവശം - 2.60 മീറ്റർ

പിൻഭാഗം - 1.07 മീറ്റർ

വലത് ഭാഗം - 2.75 മീറ്റർ

ഇടത് ഭാഗം - 0.00 മീറ്റർ

കൂടാതെ ടി കെട്ടിടം നിർമ്മിച്ചത് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്താണോ എന്നത് സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ലായെന്നും അസി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 പ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പ്രത്യേകമായ നിർമ്മാണങ്ങളെ ചട്ടങ്ങൾ പാലിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെങ്കിലും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടില്ലാത്തതാണ്. ആയതിനാൽ നിയമങ്ങളും ചട്ടങ്ങളും പാലിക്കുവാൻ പൊതുജനങ്ങളെ ആഹ്വാനം ചെയ്യുകയും നിർബന്ധിക്കുകയും ചെയ്യേണ്ടുന്നതും ചെയ്യുന്നതുമായ സ്ഥാപനം നിയമ ലംഘനം നടത്തുന്നത് ഗൗരവമായി വീക്ഷിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാരിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-24 സേവാഗ്രാം ഇലക്ട്രിഫിക്കേഷൻ- 5761/- രൂപയുടെ പ്രവൃത്തി നടത്തിയിട്ടില്ല.

15-ാം വാർഡിൽ സേവാഗ്രാം നിർമ്മാണം [പ്രോജക്ട് നം, 145/19, 29/18, 31/17 (ഇലക്ട്രിഫിക്കേഷൻ), 185/16] എന്ന പദ്ധതിക്കായി 15,40,000/- രൂപ വകയിരുത്തുകയും ബിൽ നം.21/17.07.2018 പ്രകാരം 13,88,957/- രൂപ കെട്ടിട നിർമ്മാണത്തിനും (കോൺട്രാക്ടർ- ശ്രീ. പ്രജാരാജ്, തുണ്ടിൽ രാജ്ഭവൻ, കിളിമാനൂർ) ബിൽ നം.21/17.07.2018 പ്രകാരം 85,322/- രൂപ ഇലക്ട്രിഫിക്കേഷനും (കോൺട്രാക്ടർ- വൃന്ദാവൻ അസോസിയേറ്റ്സ്, മീരാൻ കടവ് പാലം, കടക്കാവൂർ) ചെലവഴിച്ചിട്ടുണ്ട്. സ്ഥലപരിശോധനയിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയിൽ 5,761/- രൂപയുടെ പ്രവൃത്തി ഇനങ്ങൾ നടപ്പിലാക്കിയിട്ടില്ല.

വിശദാംശങ്ങൾ ഖണ്ഡിക 3-1ൽ ചേർത്തിട്ടുണ്ട്.

# 1-25 സേവാഗ്രാം പ്രവർത്തനം ആരംഭിച്ചിട്ടില്ല

2018-19വർഷം അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി15-ാം വാർഡിൽ സേവാഗ്രാം നിർമ്മാണം [പ്രോജക്ട് നം, 145/19, 29/18, 31/17 (ഇലക്ട്രിഫിക്കേഷൻ), 185/16] എന്ന പദ്ധതിക്കായി 15,40,000/- രൂപ വകയിരുത്തുകയും ബിൽ നം.21/17.07.2018 പ്രകാരം 13,88,957/- രൂപ കെട്ടിട നിർമ്മാണത്തിനും (കോൺട്രാക്ടർ- ശ്രീ. പ്രജാരാജ്, തുണ്ടിൽ രാജ്ഭവൻ, കിളിമാനൂർ) ബിൽ നം.21/17.07.2018 പ്രകാരം 85,322/- രൂപ ഇലക്ട്രിഫിക്കേഷനും (കോൺട്രാക്ടർ- വൃന്ദാവൻ അസോസിയേറ്റ്സ്, മീരാൻ കടവ് പാലം, കടക്കാവൂർ) ചെലവഴിച്ചിട്ടുണ്ട്.

സേവാഗ്രാമിന്റെ ഉദ്ഘാടനം നടത്തിയ തീയതി, സേവാഗ്രാമിൽ നിന്നും ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം, പൊതുജനങ്ങൾക്കു ലഭ്യമാക്കിയ സേവനത്തിന്റെ വിവരങ്ങൾ, സേവനം ലഭ്യമാക്കാൻ നിയോഗിക്കപ്പെട്ട ജീവനക്കാരുടെ വിവരം എന്നിവ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും (എൻക്വയറി നം.38/30.08.2019) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതാണ്. ഇതിൽ നിന്നും ടി കെട്ടിടത്തിന്റെ ഉദ്ഘാടനം നടത്തിയിട്ടും നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലായെന്നു വ്യക്തമാണ്. പൊതുജനങ്ങൾക്കു സേവനം നൽകുന്നതിലേക്കായാണ് ഗ്രാമസേവാ കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് സർക്കാർ നിർദ്ദേശം നല്കിയിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണത്തിൽ മാത്രമായി ഗ്രാമസേവാകേന്ദ്രം ഒതുങ്ങി. ആഴ്ചയിൽ രണ്ടു ദിവസം ഗ്രാമസേവാകേന്ദ്രം പ്രവർത്തിക്കണമെന്നും ഇതിലേക്കായി ഗ്രാമപഞ്ചായത്തിൽ നിന്ന് ഒരു ജീവനക്കാരനെ നിയോഗിക്കണമെന്നും പൊതുജനങ്ങളിൽ നിന്ന് അപേക്ഷകൾ സ്വീകരിക്കുന്നതിനും സേവനം നൽകണമെന്നും സർക്കാർ നിർദ്ദേശമുള്ളതാണ്. എന്നാൽ സേവനം നൽകിയതിന്റെയും അപേക്ഷകൾ സ്വീകരിച്ചതിന്റെയും രേഖകളുടെ അഭാവത്തിൽ ഗ്രാമകേന്ദ്രം പ്രവർത്തിക്കുന്നില്ലായെന്ന് വ്യക്തമാണ്. ഗ്രാമപഞ്ചായത്ത് ഭരണസമിതി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതും ഗ്രാമകേന്ദ്രം മുഖേന പൊതുജനങ്ങൾക്ക് സേവനം നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-26 കാർഷിക യന്ത്രോപകരണങ്ങൾ - പ്രയോജനപ്പെടുത്താതെ സൂക്ഷിച്ചിരിക്കുന്നു

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പാടശേഖര സമിതികൾക്ക് നാളിതുവരെ കൈമാറിയ കാർഷിക യന്ത്രോപകരണങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു. (അവലംബം - ഓഡിറ്റ് എൻക്വയറി 21/26.08.2019ന് കൃഷി ഓഫീസർ ലഭ്യമാക്കിയ മറുപടി)

| ക്രമ നമ്പർ | പാടശേഖരസമിതിയുടെ പേര് | കൈമാറി നൽകിയ ഉപകരണങ്ങളുടെ ഇനം, എണ്ണം | പ്രവർത്തനക്ഷമമായ ഉപകരണങ്ങളുടെ ഇനം, എണ്ണം |
|---|---|---|---|
| i | മുടപുരം | ടില്ലർ - 2<br>സ്പ്രെയറുകൾ - 1 | 0 |
| ii | മാമം | ടില്ലർ - 2<br>സ്പ്രെയറുകൾ - 1 | ടില്ലർ - 1<br>സ്പ്രെയറുകൾ - 1 |
| iii | വലിയ ചിറ | ടില്ലർ - 1<br>മെതിയന്ത്രം - 1<br>സ്പ്രെയറുകൾ - 1 | ടില്ലർ - 1<br>മെതിയന്ത്രം - 1 |
| iv | വലിയേല | ടില്ലർ - 1<br>വിനോവർ - 1<br>സ്പ്രെയറുകൾ - 1 | വിനോവർ - 1 |
| v | കവണശ്ശേരി | ടില്ലർ - 1<br>സ്പ്രെയറുകൾ - 3 | 0 |
| vi | മണ്ഡപം | ടില്ലർ - 1<br>സ്പ്രെയറുകൾ - 3 | 0 |
| vii | കിഴവിലം | ടില്ലർ - 2<br>സ്പ്രെയറുകൾ - 1 | ടില്ലർ - 2<br>സ്പ്രെയറുകൾ - 1 |

ഗ്രാമ പഞ്ചായത്ത് ഓഫീസിനോട് ചേർന്ന ഗ്യാരേജിൽ കൊയ്ത്ത് മെതിയന്ത്രം, ട്രാക്ടർ, ഞാർ നടീൽ യന്ത്രം, തെങ്ങ് കയറ്റ യന്ത്രങ്ങൾ മുതലായവയും ഗ്യാരേജിന് വെളിയിലായി ട്രെയിലർ, വാട്ടർ പമ്പ് എന്നിവയും പ്രവർത്തിപ്പിക്കാതെ സൂക്ഷിച്ചിരിക്കുന്നതായി സ്ഥലപരിശോധനയിൽ കണ്ടെത്തി.

നടീൽ മുതൽ വിളവെടുപ്പ് വരെയുള്ള തൊഴിൽക്ഷാമം പരിഹരിക്കുന്നതിനായി തൊഴിൽ സേന രൂപീകരിക്കുകയും കാർഷികോപകരണങ്ങൾ വാങ്ങി നൽകുകയും ചെയ്തിരുന്നു. എന്നാൽ ഏകോപനത്തിന്റെ അഭാവത്താൽ തൊഴിൽ സേന നിലവിൽ പ്രവർത്തിക്കുന്നില്ലായെന്ന് കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിസരത്ത് കണ്ടെത്തിയ നിരവധി

കാർഷികോപകരണങ്ങൾ തൊഴിൽ സേനയുടെ അധീനതയിലുള്ളവയാണെന്നും പലതവണ സ്റ്റോക്ക് വിവരങ്ങൾ ആവശ്യപ്പെട്ടിട്ടും കൃഷി ഭവൻ പരിധിയിൽ ഉൾപ്പെടാത്തതിനാൽ നാളിതുവരെ യാതൊരു രേഖയും ലഭ്യമാക്കിയിട്ടില്ലായെന്നും യന്ത്രങ്ങളിൽ പലതും അറ്റകുറ്റ പണികൾ ചെയ്താൽ ഉപയോഗിക്കാൻ സാധിക്കുന്നവയാണെന്നും വിശദീകരിച്ചിട്ടുണ്ട്.

പാടശേഖര സമിതികൾക്ക് കൈമാറിയവയുൾപ്പെടെയുള്ള യന്ത്രോപകരണങ്ങളുടെ അറ്റകുറ്റപ്പണി നടത്തി പ്രവർത്തന ക്ഷമമാക്കുന്നതിനും തൊഴിൽ സേനയുടെ പ്രവർത്തനം കൃഷി ഭവന്റെ നിയന്ത്രണത്തിൽ പുനരുജ്ജീവിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെയും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

# 1-27 അടുക്കളമുറ്റത്തെ മുട്ടക്കോഴി വളർത്തൽ - ചെലവ് രേഖകളില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | SO133/19 |
| <u>അടങ്കൽ</u> | |
| വികസന ഫണ്ട് | 79,500/- |
| ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്) | <u>79,500/-</u> |
| ആകെ | 1,59,000/- |
| നിർവ്വഹണം | വെറ്റിനറി സർജൻ |

<u>ചെലവ് വിശദാംശം</u>

| ബിൽ നമ്പർ | തുക |
|---|---:|
| 10/19.11.2018 | 27,000/- |
| 14/26.12.2018 | 25,000/- |
| 55/27.03.2019 | 6,500/- |
| ആകെ | 58,500/- |

പ്രസ്തുത പ്രോജക്ടിനായി മുട്ടക്കോഴികളെ വാങ്ങിയതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ലഭ്യമാക്കിയില്ല. വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ.27/27.08.2019) രേഖകൾ ലഭ്യമാക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയത്. രേഖകളുടെ അഭാവത്തിൽ 58,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-28 എ.ബി.സി പ്രോഗ്രാം - വിനിയോഗരേഖകളില്ല

പ്രോജക്ട് നമ്പർ - SO067/19

അടങ്കൽ തുക - 2,00,000/- (വികസന ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്റിനറി സർജൻ

തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിനായുള്ള പ്രസ്തുത പ്രോജക്ടിനായി ബിൽ നമ്പർ 1/25.07.2018 പ്രകാരം 2,00,000/- രൂപ കുടുംബശ്രീ മിഷന് കൈമാറി (രസീത് നമ്പർ 2388/29.12.2018). കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർ നിർവ്വഹണം നടത്തുന്ന ABC പ്രോഗ്രാമിന് ഒരു തെരുവ് നായയെ വന്ധ്യംകരിക്കുന്നതിന് 2,100/- രൂപ മുൻകൂറായി കൈമാറാവുന്നതാണ്. വിജയ് ഗ്രൂപ്പിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം 35+33 = 68 നായ്കളെ വന്ധ്യംകരിച്ചതിന്റെ സ്റ്റേറ്റ്മെന്റ് മാത്രമാണുള്ളത്. വിനിയോഗ രേഖകൾ ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ കുടുംബശ്രീ മിഷൻ ലഭ്യമാക്കിയിട്ടില്ലായെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 27/27.08.2019). മോണിറ്ററിംഗ് - വിനിയോഗ രേഖകളുടെ അഭാവത്തിൽ 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-29 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച പദ്ധതികളിലെ അപാകതകൾ

(1) മതിയായ രേഖകൾ കൂടാതെ ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചു

പ്രോജ. നം. S0132/19 പി.വി.സി. വാട്ടർ ടാങ്ക് വിതരണം- (അടങ്കൽ-6,11,600/-, ചെലവ് - 3,37,550/)- . എസ്.സി.പി. ഫണ്ട് വിനിയോഗിച്ച് നിർവ്വഹിച്ച പ്രോജക്ടിൽ ഗുണഭോക്താക്കൾ മതിയായ രേഖകൾ സമർപ്പിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | റേഷൻ കാർഡ് വിഭാഗം | വരുമാന സർട്ടിഫിക്കറ്റ് | ജാതി സർട്ടിഫിക്കറ്റ് |
|---|---|---|---|---|
| 1 | ശ്രീമതി. പ്രീത | പൊതു വിഭാഗം | ഇല്ല | ഉണ്ട് |
| 2 | ശ്രീ. സാബു. എം. | പൊതു വിഭാഗം | ഉണ്ട് | ഇല്ല |
| 3 | ശ്രീമതി. സിന്ധു സി. | മുൻഗണന | ഉണ്ട് | ഇല്ല |
| 4 | ശ്രീമതി. സുധർമ്മ | പൊതു വിഭാഗം | ഇല്ല. | ഉണ്ട് |
| 5 | ശ്രീമതി. ബിന്ദു | പൊതു വിഭാഗം | ഉണ്ട് | ഇല്ല |
| 6 | ശ്രീ. രാജേന്ദ്രൻ | - | - | ഇല്ല |
| 7 | ശ്രീമതി. ശശികല | മുൻഗണന | ഉണ്ട് | ഇല്ല |
| 8 | ശ്രീമതി.കുഞ്ഞിലക്ഷ്മി | മുൻഗണന | - | ഇല്ല |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.32/30.08.19-ന് ലഭ്യമാക്കിയ മറുപടിയിൽ രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണ

വേളയിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതും ഗുണഭോക്താക്കൾ സമർപ്പിക്കുന്ന രേഖകൾ പരിശോധിച്ച് അർഹത ഉറപ്പുവരുത്തി മാത്രം തുക വിതരണം ചെയ്യുന്നതിന് നടപടി കൈക്കൊള്ളേണ്ടതുമാണ്.

**(2) വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കളെ പ്രോജക്ടിൽ ഉൾക്കൊള്ളിച്ചു**

പ്രോജ. നം. S0132/19- പി.വി.സി. വാട്ടർ ടാങ്ക് വിതരണം - എസ്.സി.പി. ഫണ്ട് വിനിയോഗിച്ച് നിർവ്വഹിച്ച പ്രോജക്ടിൽ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം പ്രോജക്ടിനായി 5, 8, 19 എന്നീ വാർഡുകളിൽ നിന്ന് ഗുണഭോക്താക്കളെ ഉൾക്കൊള്ളിച്ചിട്ടില്ല. എന്നാൽ ഫയൽ പരിശോധനയിൽ പ്രസ്തുത വാർഡുകളിൽ നിന്ന് ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. ഏതാനം ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം. | പേര് |
|---|---|
| 5 | ശ്രീമതി. സിന്ധു. എസ്, ശ്രീമതി.വസന്ത ടി.കെ, ശ്രീമതി.ലീല |
| 8 | ശ്രീമതി.ലത, ശ്രീമതി.സിന്ധു.സി., ശ്രീമതി.അശ്വതി, ശ്രീമതി.സുധർമ്മ, ശ്രീമതി.സുശീല, ശ്രീമതി.ഗിരിജ, ശ്രീമതി.ലതിക, ശ്രീമതി.ലളിത, ശ്രീമതി.രമ |
| 19 | ശ്രീമതി. ശാരദ, ശ്രീമതി. തുളസി, ശ്രീമതി. സുനി, ശ്രീ. ബാബു, ശ്രീമതി. ശശികല ജി, ശ്രീ.ശങ്കരൻ, ശ്രീമതി. രാധ, ശ്രീമതി. ഗിരിജ, ശ്രീമതി. സതി, ശ്രീമതി. ശ്യാമള, ശ്രീമതി. സുമ |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.33/30.08.19 ന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതിയിലെ മേൽ ഗുണഭോക്താക്കളെ സപ്ളിമെന്ററി ലിസ്റ്റായാണ് അംഗീകാരം നൽകിയിരിക്കുന്നതെന്നാണ് അറിയിച്ചിട്ടുള്ളത്.

**(3) സ്പിൽ ഓവർ വർഷവും പ്രോജക്ട് പൂർത്തീകരിക്കാനായിട്ടില്ല.**

250 ഗുണഭോക്താക്കൾക്ക് പി.വി.സി. വാട്ടർ ടാങ്ക് വിതരണം ചെയ്യുന്നതിനായി രൂപീകരിച്ച പ്രോജക്ട് (പ്രോജ. നം. S0132/19) 2017-18 ൽ പൂർത്തീയാകാത്തതിനെ തുടർന്ന് 2018-19 ൽ സ്പിൽ ഓവറായി നടപ്പിലാക്കിയെങ്കിലും രണ്ടു വർഷങ്ങളിലായി ആകെ 175 ഗുണഭോക്താക്കൾക്കാണ് വിതരണം ചെയ്തിട്ടുള്ളത്. സ്പിൽ ഓവർ വർഷവും പ്രോജക്ട് പൂർത്തീകരിക്കാനായിട്ടില്ല.

പ്രോജക്ട് രൂപീകരണ നിർവ്വഹണ വേളകളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്. മോണിറ്ററിംഗ് ചുമതലയുള്ള കുടിവെള്ളം ശുചിത്വം വർക്കിംഗ് ഗ്രൂപ്പിന്റെയും ആരോഗ്യകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ മേൽ വിഷയത്തിൽ ക്ഷണിക്കുന്നു.

# 1-30 ലൈഫ് ഭവന പദ്ധതി - പണി ആരംഭിച്ചില്ല

വി.ഇ.ഒ സർക്കിൾ II നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് നമ്പർ 09/19 പ്രകാരം ലൈഫ് ഭവന പദ്ധതിയിൽ(എസ്.സി.) ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിന് അഡ്വാൻസായി ശ്രീമതി. വിജയമ്മ, പുത്തൻവിള വീട്, കാട്ടുംപുറം എന്ന ഗുണഭോക്താവിന് ബിൽ നം. 13/20.08.2018 പ്രകാരം 40,000/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ, ഫയൽ രേഖകൾ പ്രകാരം പണി ആരംഭിച്ചിട്ടില്ല. ഗുണഭോക്താവിന്

സാമ്പത്തിക ബുദ്ധിമുട്ടുള്ളതിനാലും വസ്തുവിൽ വഴിസൗകര്യമില്ലാത്തതിനാലുമാണ് പണി ആരംഭിക്കാത്തതെന്ന് വിശദീകരിച്ചിട്ടുണ്ട് (ആഡിറ്റ് അന്വേഷണം നം.36/30.08.19-ന്റെ മറുപടി). ലൈഫ് ഭവനപദ്ധതി ഗുണഭോക്താവ് തദ്ദേശ ഭരണ സ്ഥാപനവുമായി ഏർപ്പെട്ട കരാർ പ്രകാരം ലൈഫ് സാമ്പത്തിക ആനുകൂല്യം കൈപ്പറ്റി 6 മാസത്തിനുള്ളിൽ പണി പൂർത്തിയാക്കേണ്ടതുണ്ട്. ലൈഫ് മാർഗരേഖ [നമ്പർ 151/17 ത.സ്വ.ഭ.വ. തീയതി 31.07.2017 ഖണ്ഡിക 4(x) ] പ്രകാരം സമ്പൂർണ ഭവന പദ്ധതിയുടെ ഫീൽഡ് തല നിർവ്വഹണം നടത്തേണ്ടത് അതതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. മേൽ പരാമർശിച്ച പ്രകാരമുള്ള ഗുണഭോക്താക്കളുടെ വിഷയത്തിൽ മാർഗ്ഗനിർദ്ദേശം അനുബന്ധം 2 ഖണ്ഡിക 4(x) എ-യിലെ നിർദ്ദേശപ്രകാരമുള്ള തുടർനടപടികൾ തദ്ദേശസ്വയംഭരണ തലത്തിൽ കൈക്കൊള്ളേണ്ടതുണ്ട്. ഈ വിഷയത്തിൽ തുടർ നടപടി കൈക്കൊണ്ട് വിവരം ലഭ്യമാക്കേണ്ടതാണ്. ക്ഷേമ കാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട്.

# 1-31 ഇമ്മ്യുണൈസേഷൻ - ചെലവ് രേഖകൾ പൂർണമല്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | SO218/19 |
| **അടങ്കൽ**<br>വികസനഫണ്ട് | 45,032/- |
| തനത് ഫണ്ട് | 4,968/- |
| ആകെ | 50,000/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. |

കുട്ടികളിൽ രോഗപ്രതിരോധ ശേഷി കൈവരിക്കുന്നതിന് സഹായിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ പ്രോജക്ടിനായി ബിൽ നമ്പർ 24/19.03.2019 പ്രകാരം 45,032/- രൂപ വികസനഫണ്ടും 4,968/- രൂപ തനത് ഫണ്ടുമായി 50,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. 45,032/- രൂപയുടെ ചെലവുമായി ബന്ധപ്പെട്ട 1 മുതൽ 36 വരെയുള്ള സബ് വൗച്ചറുകൾ പ്രകാരം 1,000/- രൂപ നിരക്കിൽ 36,000/- രൂപ വാഹന വാടകയാണ്.

പ്രസ്തുത ചെലവിന് ആധാരമായ ട്രിപ് ഷീറ്റ് ഹാജരാക്കിയിട്ടില്ല.

സുലേഖ ചെലവ് പത്രിക പ്രകാരം പ്രോജക്ടിനായി തനത് ഫണ്ടിനത്തിൽ 4,968/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 16/24.08.2019) മറുപടി ലഭ്യമാക്കിയില്ല. വ്യക്തമായ വിശദീകരണത്തിന്റെയും ട്രിപ് ഷീറ്റിന്റെയും ചെലവ് രേഖകളുടെയും അഭാവത്താൽ 50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-32 പാലിയേറ്റീവ് കെയർ നടത്തിപ്പിൽ അപാകങ്ങൾ

പ്രോജക്ട് നമ്പർ - S0049/19

അടങ്കൽ തുക – 15,00,000/- (വികസന ഫണ്ട്)
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

**എ) മരുന്നുകളുടെയും ഉപകരണങ്ങളുടെയും സ്റ്റോക്ക് വിതരണ രേഖകളില്ല**

വാട്ടർ ബെഡ്, വീൽ ചെയർ മുതലായവയുടെ സൂക്ഷിപ്പ് ചുമതല ആരോഗ്യ കേന്ദ്രത്തിലെ ഫാർമസിസ്റ്റിനായിരിക്കുമെന്നും ഇവ രോഗികൾക്ക് നൽകുന്നതും തിരികെ വാങ്ങിക്കുന്നതും സംബന്ധിച്ച

വിവരങ്ങൾ Water bed, Wheel chair and Other Appliances Movement Register ൽ രേഖപ്പെടുത്തണമെന്ന് പാലിയേറ്റീവ് കെയർ മാർഗരേഖ (സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3217/2015/തസ്വഭവ തീയതി 29.10.2015) ഖണ്ഡിക 2.6.8 ൽ നിഷ്കർഷിച്ചിട്ടുണ്ട്.

ചുവടെപ്പറയും പ്രകാരം മരുന്നുകളും ഉപകരണങ്ങൾ മുതലായവയും ഇൻഹൗസ് ഡ്രഗ് ബാങ്കിൽ നിന്ന് വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവയുടെ സ്റ്റോക്ക് വിതരണ വിവരങ്ങൾ ലഭ്യമാക്കിയില്ല.

| ബിൽ നമ്പർ | തുക | വിവരണം |
|---|---|---|
| 09/13.09.2018 | 6,21,600/- | 2102/28.07.2018മുതൽ 2109/30.07.2018 വരെയുള്ള ഇൻവോയിസുകൾ പ്രകാരം വാങ്ങിയ മരുന്നുകൾ |
| 15/12.12.2018 | 1,00,046/- | സ്റ്റെതസ്കോപ്പ്, വീൽചെയർ, എയർബെഡ്, ഗ്ലൂക്കോമീറ്റർ, ഡയപ്പർ മുതലായവ |
| **ആകെ** | **7,21,646/-** | |

ചുവടെപ്പറയും പ്രകാരം രജിസ്റ്ററുകൾ, ട്രീറ്റ്മെന്റ് റെക്കോഡ് ബുക്കുകൾ മുതലായവ ക്വട്ടേഷൻ ഇല്ലാതെ വാങ്ങിയിട്ടുണ്ട്. അവ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങളും ലഭ്യമാക്കിയില്ല.

| ബിൽ നമ്പർ | തുക | വിവരണം |
|---|---|---|
| 19/14.01.2019 | 24,689/- | 500 ട്രീറ്റ്മെന്റ് റെക്കോഡ് ബുക്കുകൾ 8,000/- രൂപയ്ക്ക് വാങ്ങി |
| 23/14.03.2019 | 40,213/- | പാലിയേറ്റീവ് ഫോമുകൾ, ബുക്കുകൾ മുതലായവ 17,500/- രൂപയ്ക്ക് വാങ്ങി |
| ആകെ | 64,902/- | |

വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15/24.08.2019) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ 7,86,548/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**ബി) കുടുംബസംഗമം - വിശദാംശങ്ങളില്ല – ആവർത്തനചെലവ്**

പാലിയേറ്റീവ് കെയർ മാർഗരേഖ ഖണ്ഡിക 2.6.13 പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വേണ്ടി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. അതിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന വാർഷിക കുടുംബസംഗമങ്ങളിൽ പങ്കെടുക്കുന്ന ഓരോരുത്തർക്കും ഭക്ഷണചെലവിലേക്കായി പരമാവധി 60/- രൂപ വീതം ചെലവഴിക്കാവുന്നതാണ്. കൂടാതെ സംഗമനടത്തിപ്പിന്റെ മറ്റ് ചെലവുകൾക്കായി പരമാവധി 3,000/- രൂപയും ചെലവഴിക്കാവുന്നതാണ്. കൂടുതൽ തുക വേണ്ടിവരികയാണെങ്കിൽ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ കുടുംബസംഗമത്തിനായി 40,000/-രൂപ ചെലവഴിച്ചു. ഇതിൽതന്നെ 08/13.09.2018-ാം നമ്പർ ബിൽ പ്രകാരം ചെലവഴിച്ച 20,000/- രൂപയുടെ ചെലവ് രേഖകൾ ഒന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ഖണ്ഡിക 3-2ൽ ചേർത്തിട്ടുണ്ട്.

# 1-33 മരുന്ന് വാങ്ങൽ പ്രോജക്ടുകൾ - സ്റ്റോക്കും വിതരണവും വ്യക്തമല്ല

പി.എച്ച്.സി. മെഡിക്കൽ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പി.എച്ച്.സി. മരുന്ന് വാങ്ങൽ (S0052/19), വൃദ്ധർക്ക് മരുന്ന് വാങ്ങൽ (S0050/19) എന്നീ പ്രോജക്ടുകൾക്കായി ചുവടെപ്പറയുംപ്രകാരം 13,00,000/- രൂപ പിൻവലിച്ച് ഇൻഹൗസ് ഡ്രഗ് ബാങ്കിന് കൈമാറിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | ബിൽ നമ്പർ | തുക | ഫണ്ട് |
|---|---|---|---|
| S0052/19 | 14/12.12.2018 | 7,00,000/- | മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| S0050/19 | 07/31.08.2018 | 6,00,000/- | വികസന ഫണ്ട് |

എ) ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല.

ബി) വ്യക്തമായ സ്റ്റോക്ക് - വിതരണ രേഖകൾ ലഭ്യമാക്കിയില്ല. (ബില്ലിന്റെയോ ഇൻവോയിസിന്റെയോ പകർപ്പ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതല്ലാതെ ഓരോ മരുന്നും പ്രത്യേകമായി ഇൻവോയിസിൽ സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ രേഖപ്പെടുത്തി പ്രത്യേകമായി സ്റ്റോക്കിലെടുത്ത് സബ്സ്റ്റോക്കിലേക്ക് മാറ്റി വിതരണം ചെയ്യുന്നതായി രേഖപ്പെടുത്തുന്നില്ല)

സി) കൈമാറിയ തുകയ്ക്ക് പൂർണമായും മരുന്ന് ലഭ്യമായോയെന്ന് വ്യക്തമല്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 16/24.08.2019) മറുപടി ലഭ്യമാക്കിയില്ല. വ്യക്തമായ വിശദീകരണത്തിന്റെയും സ്റ്റോക്ക് - വിതരണ രേഖകളുടെയും അഭാവത്താൽ 13,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-34 ഔഷധിയിൽ നിന്ന് കാലഹരണപ്പെട്ട ഔഷധങ്ങൾ വിതരണം ചെയ്തു

പ്രോജ. നം. S0007/19 - ( അടങ്കൽ-2,00,000/-)

ഫണ്ട് – വികസന ഫണ്ട്

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (ആയുർവേദം)

ആയുർവേദാശുപത്രിക്ക് മരുന്നുവാങ്ങൽ പ്രോജക്ടിൽ ചുവടെ ചേർക്കുന്ന കാലഹരണപ്പെട്ട ഔഷധങ്ങൾ ഔഷധിയിൽ നിന്ന് വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നം | ഇൻവോ.നം | ഔഷധം | Mfg.Dt. | Exp.Dt | Dist.Date | BatchNo | Amount |
|---|---|---|---|---|---|---|---|
| 1 | 90070068 | PippalyadyAnuvasanaThylam | 11/2014 | 10/2017 | 04.07.18 | T34-06 | 6,132/- |
| 2 | 90077208 | Amruthadichoornam | 03/2015 | 02/2017 | 14.08.18 | C-72.10 | 840/- |
| 3 | 90077208 | Amruthadichoornam | 03/2015 | 02/2017 | 14.08.18 | C-72.002 | 2,016/- |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.21ന് തുടർന്നുള്ള വർഷങ്ങളിൽ വിഷയത്തിൽ ശ്രദ്ധ ചെലുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കാലഹരണപ്പെട്ട ഔഷധങ്ങൾ ഔഷധിയിൽ നിന്ന്

വിതരണം ചെയ്തത് ഔഷധിയുടെ ശ്രദ്ധയിൽപ്പെടുത്തി പകരം ഔഷധങ്ങൾ ലഭ്യമാക്കുന്നതിന് നടപടി കൈക്കൊള്ളേണ്ടതുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 15-ാം വാർഡിൽ സേവാഗ്രാം ഇലക്ട്രിഫിക്കേഷൻ- 5,761/- രൂപയുടെ പ്രവൃത്തി നടത്തിയിട്ടില്ല. തുക നിരാകരിക്കുന്നു.

15-ാം വാർഡിൽ സേവാഗ്രാം നിർമ്മാണം [പ്രോജക്റ്റ് നം, 145/19, 29/18, 31/17 (ഇലക്ട്രിഫിക്കേഷൻ), 185/16] എന്ന പദ്ധതിക്കായി 15,40,000/- രൂപ വകയിരുത്തുകയും ബിൽ നം.21/17.07.2018 പ്രകാരം 13,88,957/- രൂപ കെട്ടിട നിർമ്മാണത്തിനും (കോൺട്രാക്ടർ- ശ്രീ. പ്രജാരാജ്, തുണ്ടിൽ രാജ്ഭവൻ, കിളിമാനൂർ) ബിൽ നം.21/17.07.2018 പ്രകാരം 85,322/- രൂപ ഇലക്ട്രിഫിക്കേഷനും (കോൺട്രാക്ടർ- വൃന്ദാവൻ അസോസിയേറ്റ്സ്, മീരാൻ കടവ് പാലം, കടക്കാവൂർ) ചെലവഴിച്ചിട്ടുണ്ട്. സ്ഥലപരിശോധനയിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ ഉള്ളതായി കാണുന്നു.

a) ഐറ്റം നം. 1 (b) പ്രകാരമുള്ള Single Control light point witout Ceiling rose സ്ഥാപിച്ചിട്ടുള്ളതായി കാണുന്നില്ല. [ഈ ഇനത്തിൽ 5,761/- രൂപ നൽകിയിട്ടുണ്ട്.]

b) ഐറ്റം നം. 9 പ്രകാരം Anchor/Stylex with ISI 6/16A modular swith (2 nos) ആണ് നിഷ്കർശിച്ചിരുന്നത്. എന്നാൽ ഉപയോഗിച്ചിരിക്കുന്നത് Indo Asian ആണ്. [ഈ ഇനത്തിൽ 2,284/- രൂപ നൽകിയിട്ടുണ്ട്.]

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയിക്ക് (നം.37/30.08.2019) നൽകിയ മറുപടിയിൽ അളവുകൾ രേഖപ്പെടുത്തിയിട്ടുള്ളത് അക്രഡിറ്റഡ് അസി.എഞ്ചിനീയർ ആണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തിയിൽ സൂപ്പർ ചെക്കിംഗ് നടത്തിയിട്ടില്ലാത്തതും മോണിറ്ററിംഗ് നടത്തിയിട്ടില്ലാത്തതുമാണ്. ആയതിനാൽ 5,761/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 3-2 നടക്കാത്ത കുടുംബസംഗമത്തിന് 20,000/- രൂപ

പ്രോജക്ട് നമ്പർ - S0049/19

അടങ്കൽ തുക – 15,00,000/- (വികസന ഫണ്ട്)

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

പാലിയേറ്റീവ് കെയർ മാർഗരേഖ ഖണ്ഡിക 2.6.13പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വേണ്ടി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. അതിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന വാർഷിക കുടുംബസംഗമങ്ങളിൽ പങ്കെടുക്കുന്ന ഓരോരുത്തർക്കും ഭക്ഷണചെലവിലേക്കായി പരമാവധി 60/- രൂപ വീതം ചെലവഴിക്കാവുന്നതാണ്. കൂടാതെ സംഗമനടത്തിപ്പിന്റെ മറ്റ് ചെലവുകൾക്കായി പരമാവധി 3,000/- രൂപയും ചെലവഴിക്കാവുന്നതാണ്. കൂടുതൽ തുക വേണ്ടിവരികയാണെങ്കിൽ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ കുടുംബസംഗമത്തിനായി ചുവടെപ്പറയും പ്രകാരം 40,000/- രൂപ ചെലവഴിച്ചു.

| ബിൽ നമ്പർ | കുടുംബ സംഗമത്തിനായി ചെലവഴിച്ച തുക | വിവരണം |
|---|---|---|
| 08/13.09.2018<br>തുക 37,017/- | 20,000/- | കുടംബശ്രീ യൂണിറ്റിന്റെ 4020/05.08.2018-ാം നമ്പർ രസീത് പ്രകാരം 150 പേർക്ക് ഊണ്, ചായ മുതലായവ നല്കിയതിന് ചെലവ് 14,100/-.<br>മൈക്ക് സെറ്റ്, മേശ, കസേര എന്നിവയുടെ ചെലവ് 5,900/- |
| 20/27.03.2019<br>തുക 1,03,515/- | 20,000/- | കുടുംബശ്രീ യൂണിറ്റിന്റെ 1487/06.08.2018-ാം നമ്പർ (06.08.2019 എന്ന് രേഖപ്പെടുത്തൽ) രസീത് പ്രകാരം 200 പേർക്ക് ഭക്ഷണം നൽകിയതിന് ചെലവ് 20,000/-. |
| ആകെ | 40,000/- | |

i)കുടുംബസംഗമത്തിൽ പങ്കെടുത്തവരുടെ എണ്ണം, പ്രസ്തുത കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ട രോഗികളുടെ എണ്ണം എന്നിവ ലഭ്യമാക്കിയില്ല.

ii)പാലിയേറ്റീവ് രോഗികളുടെ പേര് വിവരം ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല.

മേൽ കാരണങ്ങളാൽ കുടുംബസംഗമത്തിനായി നടത്തിയ 40,000/- രൂപയുടെ ചെലവിന്റെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15/24.08.2019) മറുപടി ലഭ്യമാക്കിയില്ല. കുടുംബ സംഗമത്തിനായി 27.03.2019ൽ 20,000/- രൂപ മാറുന്നതിനിടയായ പരിപാടികളൊന്നും തന്നെ നടന്നിട്ടില്ലായെന്ന് ആരോഗ്യ - വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ രേഖാമൂലം അറിയിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ 20,000/- രൂപയുടെ രണ്ടാമത്തെ ചെലവ് നിരാകരിക്കുന്നു. വിശദാംശങ്ങളുടെ അഭാവത്തിൽ 20,000/- രൂപയുടെ ആദ്യത്തെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 17.05.2019 മുതൽ 18.05.2019 വരെ | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/879/19 തീയതി 09.08.2019 |

# 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | മുന്നിരിപ്പ് | | | | 375 |
| | 2018-19 | 249375 | സ്നേഹസ്പർശം (33/19) | 249375 | 0 |
| | 2018-19 | 662900 | ലൈഫ് മിഷൻ (08/19) | 662900 | 0 |
| | 2018-19 | 425000 | കേദാരം ഒന്നാം വിള (17/19) | 425000 | 0 |
| | 2018-19 | 1169500 | ലൈഫ് (എസ്.സി.പി) 09/19 | 160000 | 1009500 |
| | 2018-19 | 300000 | പാൽ സബ്സിഡി (ജനറൽ) 43/19 | 300000 | 0 |
| | 2018-19 | 86400 | കിണർ റീച്ചാർജിംഗ് (14/19) | 2880 | 83520 |
| | 2018-19 | 400000 | പാൽ സബ്സിഡി (44/19) | 400000 | 0 |
| | 2018-19 | 425000 | കേദാരം രണ്ടാം വിള (14/19) | 425000 | 0 |
| | 2018-19 | 600000 | ലൈഫ് ടോയിലറ്റ് നിർമ്മാണം | 0 | 600000 |
| **ആകെ** | | **4318175** | | **2625155** | **1693395** |
| ജില്ലാ പഞ്ചായത്ത് | മുന്നിരിപ്പ് | - | - | - | 375 |
| | 2018-19 | 249375 | സ്നേഹസ്പർശം (33/19) | 249375 | 0 |
| | 2018-19 | 652622 | ലൈഫ് മിഷൻ (08/19) | 652622 | 0 |
| | 2018-19 | 304776 | കേദാരം ഒന്നാം വിള (17/19) | 212500 | 92276 |
| | 2018-19 | 745069 | ലൈഫ് (എസ്.സി.പി) 09/19 | 0 | 745069 |
| | 2018-19 | 60000 | പാൽ സബ്സിഡി (ജനറൽ) 43/19 | 60000 | 0 |
| | 2018-19 | 4320 | കിണർ റീച്ചാർജിംഗ് (14/19) | 0 | 4320 |
| | 2018-19 | 85000 | പാൽ സബ്സിഡി | 85000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | (44/19) | | |
| | 2018-19 | 425000 | കേദാരം രണ്ടാം വിള (14/19) | 425000 | 0 |
| | 2018-19 | 70000 | ഹരിത ഭവനം (16/19) | 70000 | 0 |
| **ആകെ** | | **2596162** | | **1754497** | **842040** |

2017-18, 2018-19 വർഷങ്ങളിലെ B4 ഷെഡ്യൂൾ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച 4,40,142/-രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു.

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | സ്ട്രീറ്റ് ടാപ്പ് - വാർഡ് 5 | | 6878 | 0 | 6878 |
| | അംഗൻവാടിക്ക് കുടിവെള്ള കണക്ഷൻ | | 66803 | 0 | 66803 |
| | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | 384197 | 0 | 384197 |
| | കുടിവെള്ള പൈപ്പ് ലൈൻ | | 1061305 | 0 | 1061305 |
| **ആകെ** | | | **1519183** | **0** | **1519183** |
| കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (51) | | 500000 | 0 | 500000 |
| | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (51) | | 166159 | 0 | 166159 |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (121) | | 249902 | 0 | 249902 |
| **ആകെ** | | | **916061** | **0** | **916061** |
| ഗ്രൗണ്ട് വാട്ടർ ഡിപ്പോർട്ട്മെന്റ് | കിഴവിലം ഗവ.ആശുപത്രിയിൽ കുഴൽ കിണർ നിർമ്മാണം (174) | | 204500 | | 204500 |
| **ആകെ** | | | **204500** | **0** | **204500** |

പ്രസ്തുത നീക്കിയിരുപ്പുകൾ വാർഷിക ധനകാര്യപത്രിക B17 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,17,00,000/- രൂപ വരവുണ്ട്. ഈ തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | ജി.ഒ. (എം.എസ്) 68/18/LSGD 16.05.2018 | 1,17,00,000/- | 0 | - | - | 1,17,00,000/- |

# 4-6 സ്ഥിര നിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 3-6 | 2017-18 | 1-1 | നിലവിൽ ഇല്ലാത്ത തസ്തികയിലും ലാബിലും ലാബ് അസിസ്റ്റന്റ് തസ്തികയിൽ നിയമനം | - |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

## (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 12,30,38,789/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 10,01,47,124/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 25,761/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 24,15,048/- |

## (ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 5,761/- | ശ്രീമതി ശ്രുതി സിംഗ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 20,000/- | ഡോ.ദീപ രവി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| | ആകെ | 25,761/- | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 58,500/- | ഡോ.ജിജി ഭായി, വെറ്റിനറി സർജൻ |
| 1-28 | 2,00,000/- | ഡോ.ജിജി ഭായി, വെറ്റിനറി സർജൻ |
| 1-31 | 50,000/- | ഡോ.ദീപ രവി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-32(എ) | 7,86,548/- | ഡോ.ദീപ രവി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-33 | 13,00,000/- | ഡോ.ദീപ രവി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-2 | 20,000/- | ഡോ.ദീപ രവി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ആകെ | 24,15,048/- | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ജിജി ഭായി, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, കിഴവിലം ഗ്രാമ പഞ്ചായത്ത് | ജോദീപ്തി, കരുമം.പി.ഒ. തിരുവനന്തപുരം |
| ഡോ.ദീപ രവി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി, കിഴവിലം) | ശ്രീവത്സം, NLRK/27, നീരാഴി ലെയിൻ, ഉള്ളൂർ |
| ശ്രീമതി. ശ്രുതി സിംഗ്, അസിസ്റ്റന്റ് എഞ്ചിനീയർ | - | ചിന്നു വിഹാർ, കൊട്ടിയം, കൊല്ലം |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2003-04 | കെ.എസ്.എ.റ്റി.വി.എം. ജി.പി.8/1415/2018 തീയതി 22.05.2018 | 2 | |
| 2007-08 | | 4 | |
| 2008-09 | | 8 | |
| 2009-10&10-11 | | 11 | |
| 2011-12 | | 2 | |
| 2012-13 | | 11 | |
| 2013-14 | | 28 | |
| 2014-15 | | 6 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം. ജി.പി.8/2131/2016 തീയതി 19.12.2016 | 7 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം. ജി.പി.8/1664(എ)/2017 തീയതി 21.08.2017/27.09.2017 | 23 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം. ജി.പി.8/2191/2018 തീയതി | 24 | |

| | | | |
|---|---|---|---|
| | 24. | | |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ 2018-19ലെ വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

R.16.10.19